ഖുത്വ്ബ നമ്പർ
04
27-01-2012

بسم الله الرحمن الرحيم ○ نحمده ونصلى على رسوله الكريم ○ وعلى عبده المسيح الموعود

ജുമുഅ ഖുത്വ്ബ
ഹദ്റത്ത് മിർസാ മസ്റൂർ അഹ്മദ്
ഖലീഫത്തുൽ മസീഹ് അൽഖാമിസ് ايده الله تعالى بنصره العزيز
വിവർത്തനം: എം. നാസിർ അഹ്മദ് കൊടിയത്തൂർ



# റവീൽ ബുഖാറോ സാഹിബ്: അനുസ്മരണം

ഒരു രിവായത്തിൽ വരുന്നു. തിരുനബി ﷺ അരുളുകയുണ്ടായി. اذكروا محاسن موتاكم വഫാത്തായവരുടെ നന്മകളെ സ്മരിക്കുക. തുടർന്ന് പറഞ്ഞത് അവരുടെ തിന്മകളെ നിങ്ങൾ പറയരുത് എന്നാണ്. ഓരോ മനുഷ്യരിലും തന്നെ ന്മകളുണ്ട്, അതേപോലെ ബലഹീനതകളുമുണ്ട്. വഫാത്തിനുശേഷം ഈ ലോകത്തോടുള്ള ബന്ധം മനുഷ്യന്റെത് വിച്ഛേദിക്കപ്പെടുന്നു. അതുകൊണ്ട് ഈ ലോകത്ത് ആരുടെയും ബലഹീനതകളെയും കുറവുകളെയും കുറിച്ച് പരാമർശികേണ്ട ആവശ്യമില്ല. എന്നാൽ അവരുടെ ഗുണഗണങ്ങളെയും നന്മകളെയും എടുത്ത് പറയേണ്ടതാണ്. ഇതു മുഖേന മറ്റുള്ളവർക്ക് നന്മ ചെയ്യാനുള്ള പ്രേരണയുണ്ടായിത്തീരും. മറ്റൊന്ന് മരിച്ചവ്യക്തിയുടെ മഗ്ഫിറത്തിന്വേണ്ടി ദുആ ചെയ്യാൻ പ്രേരണ ഉണ്ടാകുകയും ചെയ്യുന്നു. ഞാൻ പറഞ്ഞതുപോലെ നന്മകളും ബലഹീനതകളും എല്ലാവരിലുമുണ്ട്. ചിലപ്പോൾ നന്മയിലേക്ക് കൂടുതൽ മനുഷ്യൻ ചായുന്നു. ചിലപ്പോൾ അവനിൽ ചില പോരായ്മകൾ ഉണ്ടാകുന്നു. ഇത് മനുഷ്യ പ്രകൃതമാണ്. എന്നാൽ ചിലരുടെ നന്മകളും ഗുണങ്ങളും വെട്ടിത്തിളങ്ങുന്നുണ്ടാകും. അത് മനുഷ്യവൈകല്യങ്ങളെ നമ്മുടെ കണ്ണുകളിൽനിന്നും പൂർണ്ണമായും മറച്ചു കളയുന്നു. അവരുടെ നന്മകൾ കാരണം അവരുടെ പോരായ്മകൾ മറക്കപ്പെടുന്നു. ആരുടെ നന്മയാണോ, ഗുണങ്ങളാണോ, എല്ലാവരും സ്മരിച്ചുകൊണ്ടിരിക്കുന്നത് അങ്ങനെയുള്ള വ്യക്തി ഭാഗ്യവാനാണ്. ഒരു ഹദീസിന്റെ അടിസ്ഥാനത്തിൽ അങ്ങനെയുള്ള വ്യക്തിക്ക് സ്വർഗം നിർബന്ധമായിത്തീരുന്നു. ഞാൻ ഇന്ന് അങ്ങനെയുള്ള ഒരു വ്യക്തിത്വത്തെ കുറിച്ചാണ് പരാമർശിക്കുന്നത്. അദ്ദേഹത്തിന്റെ നന്മയെക്കുറിച്ച് ഓരോരുത്തരും തന്നെ സ്തുതിപാടുകയാണ് ചെയ്യുന്നത്. അദ്ദേഹം പാക്കിസ്ഥാനിയോ ഹിന്ദുസ്ഥാനി അഹ്മദിയോ അല്ല. ഏതെങ്കിലും സഹാബിയുടെ മകനോ ജന്മനാ അഹ്മദിയോ അല്ല. ഒരു ദീർഘകാലം അതായത് കുട്ടിക്കാലം മുതൽ യുവത്വംവരെയും തുടർന്ന് വാർദ്ധക്യംവരെയും ഖലീഫമാരുടെ തണലിലോ ജമാഅത്തിന്റെ തണലിലോ തർബിയ്യത്ത് കരസ്ഥമാക്കിയവരുമല്ല. അൽപം വർഷങ്ങൾക്ക് മുമ്പ് മസീഹ് മൗഊദ് عليه السلام ബൈഅത്തിൽ വന്നു. എന്നിട്ട് പലരെയും പിന്നിലാക്കുകയുണ്ടായി. ആ വ്യക്തി നമ്മുടെ സഹോദരൻ ബഹുമാന്യനായ റവീൽ ബുഖാരി സാഹിബാണ്. അദ്ദേഹം റഷ്യക്കാരനാണ്. അദ്ദേഹത്തിന്റെ വഫാത്ത് 24 ജനുവരിയിലാണ് നടന്നത്. اِنَّا لِلّٰهِ وَاِنَّآ اِلَيْهِ رٰجِعُوْنَ

ഹ:മസീഹ് മൗഊദ് عليه السلام ൽ റഷ്യയിൽ നിന്നും ആദ്യകാലത്ത് വിശ്വസിച്ച അൽപം ചില മണൽ തരികളിൽ ഒരു മണൽ തരിയായിരുന്നു അദ്ദേഹം. എന്നാൽ തന്റെ അറിവും വിജ്ഞാനവും, ആത്മാർത്ഥതയും കൂറും, നിസ്വാർത്ഥതയും, ഖിലാഫത്തിനോടുള്ള അകമഴിഞ്ഞ ബന്ധവും, വിനയത്വവും, ഹ:മസീഹ് മൗഊദ് عليه السلام ന്റെ സന്ദേശം റഷ്യയിൽ എത്തിക്കുന്നതിലുള്ള ആവേശവും കാരണം അദ്ദേഹം പ്രകാശിക്കുന്ന ഒരു നക്ഷത്രമായിരുന്നു. അദ്ദേഹം പലർക്കും വഴികാട്ടിയായിമാറി. ഇൻശാഅല്ലാഹ് ഹ:മസീഹ് മൗഊദ് عليه السلام ന്റെ പ്രവചനപ്രകാരം അഹ്മദിയ്യത്ത് റഷ്യയിൽ മണൽത്തരികൾ പോലെ വ്യാപിക്കുമ്പോൾ ചരിത്രം റവീൽ ബുഖാരി സാഹിബിന്റെ സേവനങ്ങളെ തീർച്ചയായും സ്മരിക്കുന്നതായിരിക്കും.

ഇപ്പോൾ ഞാൻ റവീൽ സാഹിബിനെ അനുസ്മരിക്കാനാണ് ആഗ്രഹിക്കുന്നത്. റവീൽ സാഹിബ് അഹ്മദിയ്യത്തിനെ കുറിച്ച് അറിഞ്ഞ കാലത്ത് തന്നെ ജമാഅത്തിന് വേണ്ടി വളരെയധികം സേവനങ്ങൾ ചെയ്തുകൊണ്ടിരുന്നിട്ടുണ്ട്. അപ്പോഴൊന്നും അദ്ദേഹം അഹ്മദി ആയിരുന്നില്ല. തർജുമ ചെയ്തിട്ടുണ്ട്. പിന്നിട് ഇവിടെ ബി.ബി.സിയിൽ റഷ്യൻ പ്രോഗ്രാമിൽ ജോലി ചെയ്തുകൊണ്ടിരുന്നു. അവിടെ നിന്നും വിരമിച്ചപ്പോൾ പൂർണ്ണമായും തന്നെ വഖ്ഫ് ചെയ്യുകയുണ്ടായി. അതിനുശേഷം ഒരു നിമിഷം പോലും അഹ്മദിയ്യത്തിന് സേവനം ചെയ്യാതെ കഴിഞ്ഞുപോകരുത് എന്ന വികാരത്തോടുകൂടിയാണ് രാപ്പകൽ അദ്ദേഹം പ്രവർത്തിച്ചിരുന്നത്. ഓരോ നിമിഷവും അഹ്മദിയ്യത്തിനായി വിനിയോഗിക്കപ്പെടട്ടെ എന്നതായിരുന്നു ചിന്ത. വഫാത്താകുന്ന ദിവസവും ഈ സേവനത്തിൽ നിമഗ്നനായിരുന്നു. എം.ടി.എക്ക് ഒരു പ്രോഗ്രാം ഉണ്ടാക്കാനുള്ള മീറ്റിംഗിൽ പങ്കെടുക്കാൻ തയ്യാറാകുകയായിരുന്നു അദ്ദേഹം. തയ്യാറെടുത്തുകൊണ്ടിരിക്കുമ്പോൾ അദ്ദേഹത്തിന് സുഖമില്ലെന്ന് ഫോൺ വന്നു. അതുകൊണ്ട് ഇതിൽ വരാൻ കഴിയില്ല എന്നറിയിച്ചു. അദ്ദേഹത്തിന് ശക്തമായ ഹൃദയാഘാതമാണ് ഉണ്ടായത്. അത് അദ്ദേഹത്തിന്റെ ജീവനെടുത്തു. അങ്ങനെ അദ്ദേഹം വഫാത്തായി. മരിക്കുമ്പോഴുള്ള പ്രായം 61 ആണ്. സ്വന്തം മക്കളില്ല. ഒരു ഭാര്യയുണ്ട്. ഭാര്യക്ക് മുമ്പ് ഒരു കുട്ടി ഉണ്ടായിരുന്നു. അതും വഫാത്തായിരുന്നു.

ജമാഅത്തുമായി റവീൽ സാഹിബ് 1989ൽ കലീം സാഹിബ് മുഖേനയാണ് ബന്ധപ്പെട്ടത്. ഇദ്ദേഹം ഗവേഷണത്തിനായി ലണ്ടനിൽ വന്നതായിരുന്നു. ഇവിടെ നിന്നാണ് ബന്ധപ്പെട്ടത്. ഖലീഫത്തുൽ മസീഹ് റാബിഅ്(റഹ്)യുമായി മുലാഖാത്ത് നടത്തിയതിന്റെ ഫലമായി അഹ്മദിയ്യത്തിന് പ്രവേശിച്ചു. റവീൽ സാഹിബ് വിവരിക്കുന്നു: "ഞാൻ ജന്മാനാ മുസ്‌ലിമാണെങ്കിലും നിരീശ്വരത്വത്തിന്റെ ചുറ്റുപാടിൽ താമസിക്കുന്നത് കാരണം 1989 വരെ ഇസ്‌ലാമിനെ കുറിച്ച് ഒന്നുംഅറിയില്ലായിരുന്നു എന്ന് തന്നെ പറയാം. ഏതൊരു സമൂഹത്തിലാണോ ഞാൻ വളർന്നത് അക്കാലത്ത് ഇസ്‌ലാമിന്നും ഞങ്ങളുടെ മാതൃഭാഷയായ താതാരിക്കും പൂർണ്ണവിലക്കായിരുന്നു. താതാരിഭാഷ സംസാരിക്കാൻ പാടില്ലായിരുന്നു. താതാരി ഭാഷ പാഠ്യപദ്ധതിയിൽനിന്നുപോലും നീക്കിക്കളഞ്ഞിരുന്നു. എന്നാൽ താതാരികളിൽ ഇസ്‌ലാമിക സ്വാധീനം നിലനിന്നിരുന്നു. പാർട്ടി പ്രവർത്തകരായാലും സ്കൂൾ അധ്യാപകരായാലും അവർ ഏതൊരു ജോലി തുടങ്ങുന്നതിന്നുമുമ്പും **ബിസ്മില്ലാഹ്** എന്ന് പറയുമായിരുന്നു. താതാരി സാഹിത്യം ആയിരം വർഷം പഴക്കമുള്ളതാണെങ്കിലും ഇസ്‌ലാമിന്റെ സ്വാധീനം അതിൽ ഉണ്ടായിരുന്നു. അതുകൊണ്ട്

എന്റെ മാതാപിതാക്കളുടെ കാലത്തുണ്ടായിരുന്ന നിരീശ്വരത്വത്തിന്റെ സ്വാധീനശക്തി എന്റെ കാലത്ത് കുറഞ്ഞുവന്നു. അവസരം കിട്ടിയാൽ എങ്ങനെയെങ്കിലും മസ്ജിദിൽ പോയി നമസ്ക്കരിക്കാം എന്ന് പ്രതീക്ഷിച്ചിക്കുന്ന ഒളിഞ്ഞിരിക്കുന്ന മുസ്‌ലിമൊന്നുമായിരുന്നില്ല ഞാൻ. അങ്ങനെയൊരു ചിന്തയൊന്നും എനിക്കില്ലായിരുന്നു. വിദ്യാർത്ഥിയായിരുന്നു, ഞാൻ യുവാവായിരുന്നു. ഈ സമൂഹത്തിൽ എനിക്ക് മനസ്സിലാകുന്ന കാര്യങ്ങൾ ഞാൻ ചെയ്യുമായിരുന്നു.''

''1989ൽ അവസ്ഥകൾ മെച്ചപ്പെട്ടു. മതസ്വാതന്ത്ര്യവും മറ്റു സ്വാതന്ത്ര്യവും ലഭിച്ചുതുടങ്ങി. സത്യമതത്തിലേക്ക് എത്താൻ ഞാൻ ശ്രമിച്ചു. മതത്തിന്റെ യഥാർത്ഥ ജ്ഞാനം യുക്തിപരമായി തെളിവുകൾകൊണ്ട് മാത്രം നേടാൻ കഴിയില്ല എന്നെനിക്കറിയാമായിരുന്നു. വിശ്വാസമാകുന്ന അനുഗ്രഹം ദൈവം സ്വയം തരുന്നതാണ്. ഞാൻ അസ്വസ്ഥനായിരുന്നു. ഇസ്‌ലാം മാത്രമാണ് ഉദാത്തമായ അധ്യാപനങ്ങൾ നൽകുന്നതെന്ന് എനിക്ക് ബോധ്യമായിക്കഴിഞ്ഞിരുന്നതാണ്. എന്നിട്ടുപോലും എന്റെ ആത്മാവ് ശൂന്യമായിരുന്നു. എന്നെ ഈ സന്ദേഹങ്ങളിൽനിന്നും സംശയങ്ങളിൽനിന്നും രക്ഷിച്ചത് ചില വ്യക്തികളായിരുന്നു. അവരെ ഞാൻ ലണ്ടനിൽവെച്ചാണ് കണ്ടുമുട്ടിയത്. അവരെ ഞാൻ യഥാർത്ഥ മുസ്‌ലീംകളായി കരുതുന്നു. ആഗോള ഇസ്‌ലാമിൽ പുത്തൻ ജമാഅത്തായി ഇതിനെ കരുതുന്നു. അതാണ് അഹ്മദിയ്യാ മുസ്‌ലിം ജമാഅത്ത്.''

എഴുതുന്നു: അഹ്മദിയ്യാ ജമാഅത്തിന്റെ അധ്യാപനം ഇവയാണ്. ദൈവത്തിന്റെ സൃഷ്ടികളെ സ്നേഹിക്കാത്തിടത്തോളം കാലം ആർക്കും തന്നെ ദൈവസ്നേഹം കരഗതമാകുന്നതല്ല. ഇതറിഞ്ഞപ്പോൾ ഇതാണ് ഞാൻ തേടിനടന്ന സ്ഥലം എന്ന് എനിക്ക് ബോധ്യമായി. വിജ്ഞാനം, യുക്തി, ബുദ്ധിപരമായ തെളിവിനുള്ള എന്റെ അടങ്ങാത്ത ദാഹം, സത്യമതത്തെക്കുറിച്ചുള്ള അന്വേഷണം, ആത്മീയത എല്ലാം എനിക്ക് ഒരു സ്ഥലത്ത്നിന്ന് ലഭിക്കുകയുണ്ടായി.

ഹ:ഖലീഫത്തുൽ മസീഹ് റാബിഅ്(റഹ്) 1993ലെ ജൽസയുടെ അവസരത്തിൽ നടത്തിയ പ്രസംഗത്തിൽ പറയുന്നു: ''ഈ പുതിയ കാലഘട്ടത്തിൽ അല്ലാഹുവിന്റെ അനുഗ്രഹത്താൽ ഹംങ്കറിയിൽ ജമാഅത്തിന് പ്രവേശിക്കാൻ സാധിച്ചിരിക്കുകയാണ്. രണ്ടാം ഖിലാഫത്ത് കാലത്ത് ഹംങ്കറിയിൽ ജമാഅത്ത് സ്ഥാപിക്കപ്പെട്ടിരുന്നു. ചില കാരണങ്ങളാൽ അത് നിർത്തലാകേണ്ടിവന്നു.''പറയുന്നു: ''പുതിയ ഈ കാലത്ത് അവിടെ ബന്ധപ്പെടാൻ സാധിച്ചു. ഇക്കാലത്തെ ആദ്യത്തെ ഫലം മഖ്‌ലൂഹുൽ ഹയ് സാഹിബാണ്. ഹങ്കറിക്കാരനായ അദ്ദേഹം ഇംഗ്ലണ്ടിൽ വന്നു. റഷ്യക്കാരനായ നമ്മുടെ ഒരു സുഹൃത്ത് റവീൽ ബുഖാരി സാഹിബ് സാഹിത്യരംഗത്ത് വളരെ പ്രസിദ്ധനാണ്. ഇതുകാരണം അദ്ദേഹമായി മഖ്‌ലൂസുൽ ഹയ്യ് സാഹിബ് ബന്ധപ്പെട്ടിരുന്നു. അദ്ദേഹത്തെ പള്ളിയിൽ കൊണ്ടുവരാൻ തുടങ്ങി. കുറച്ച് പ്രാവശ്യം മൂലാക്കാത്ത് നടത്തിയപ്പോൾതന്നെ റവീൽ സാഹിബിന്റെ ഹൃദയാവസ്ത മാറുന്നതായി ഞാൻ കണ്ടു. അല്ലാഹുവിന്റെ അനുഗ്രഹത്താൽ ഇവിടെനിന്ന് ബൈഅത്ത് ചെയ്താണ് പോയത്. ഇവിടെനിന്ന് തിരിച്ചു ചെന്നപ്പോൾ ഹങ്കറിയിൽ തബ്‌ലീഗിനുള്ള വിശാലമായ പരിപാടികൾ ആസൂത്രണം ചെയ്യുകയുണ്ടായി.''

റവീൽ സാഹിബ് കഴിഞ്ഞ പ്രാവശ്യം അവിടം സന്ദർശിച്ചുതുകാരണം അവിടെ ജമാഅത്തുകൾ ശക്തിപ്പെടുകയുണ്ടായി. അവിടെനിന്നും മനസ്സിലാകുന്നത് ജമാഅത്ത് ഉടനെ അവിടെ വ്യാപിക്കും എന്നാണ്. റവീൽ സാഹിബിന്റെ സ്വന്തം നാടായ താത്താറിസ്ഥാനിൽ നിന്നും രണ്ടുമൂന്ന് വർഷം മുമ്പ് മുറാദ് യാനോബ് സാഹിബ് യു.കെ ജൽസയിൽ പങ്കെടുക്കാൻ വന്നിരുന്നു. അദ്ദേഹം അടിയുറച്ചുനിന്നു. ജമാഅത്തിനോടു കൂറുള്ള വ്യക്തിയായിരുന്നു. തിരിച്ചുപോയതിനുശേഷവും നാമുമായി ബന്ധപ്പെട്ടുകൊണ്ടിരുന്നു. താൻ അഹ്മദിയാണെന്ന് തന്നെ പറഞ്ഞുകൊണ്ടിരുന്നു. അദ്ദേഹത്തിന്റെ മകളും നല്ല ആത്മാർത്ഥതയോടെ ജമാഅത്തുമായി ബന്ധപ്പെട്ടുകൊണ്ടിരുന്നു. വിശ്വാസത്തിന്ന് ശക്തിപകർന്നുകൊണ്ടിരുന്നു.''

പറയുന്നു:''അഹ്മദിയ്യത്ത് സ്വീകരിക്കുക എന്നത് ഈ സമൂഹങ്ങൾക്ക് അത്ര എളുപ്പമുള്ള കാര്യമല്ല. ഇവർ 70 വർഷംവരെ നിരീശ്വരത്വത്തിലാണ് ജീവിച്ചത്. ഇതെല്ലാമായിരുന്നിട്ടും ഇസ്‌ലാമുമായ ബന്ധം അറ്റുപോയിട്ടില്ല. ഇസ്‌ലാമിക ബോധം അവരുടെ മനസ്സുകളിൽ നിലനിൽക്കുന്നു. എന്നിരുന്നാലും അവർക്ക് ഇസ്‌ലാമിനെക്കുറിച്ച് ഒന്നും അറിയില്ലായിരുന്നു. മുസ്‌ലിം എന്നപേരിൽ ഇസ്‌ലാമിന് അകത്ത് തന്നെ അവർ നിന്നു. എന്നാൽ ശരിക്കും നോക്കിയാൽ ഇസ്‌ലാമിന് പുറത്തായിരുന്നു അവർ. അവരെ വീണ്ടും ഇസ്‌ലാമിൽ പ്രവേശിപ്പിക്കുക എന്നതും അല്ലാഹുവിന്റെ ഏകത്വം ഹൃദയങ്ങളിൽ രൂഢമൂലമാക്കുക എന്നതും കഠിനമായ പ്രയത്നം ആവശ്യപ്പെടുന്നു. അവർക്കായി ദുആ ചെയ്യേണ്ടതാണ്. അത്ഭുതങ്ങൾ പ്രതീക്ഷിച്ചിരിക്കുകയാണ്. അതുകൊണ്ട് നിങ്ങൾ ദുആ ചെയ്യുക. നാം നമ്മുടെ കഴിവനുസരിച്ച് പ്രവർത്തിക്കുന്നുണ്ട്, പ്രാർത്ഥിക്കുന്നുണ്ട്. ജമാഅത്ത് ഒന്നടങ്കം ദുആ ചെയ്യുക. അല്ലാഹു അവർക്ക് അത്ഭുത അടയാളങ്ങൾ കാണിക്കട്ടെ. കാരണം ആത്മീയ വിപ്ലവത്തിന് ദുആയെക്കാളും കൂടുതൽ അത്ഭുത ദൃഷ്ടാന്തങ്ങളാണ് ഫലം ചെയ്യുക.''

ഞാൻ പറഞ്ഞതുപോലെ അദ്ദേഹം ജന്മനാ അഹ്മദിയായിരുന്നില്ല. എന്നാൽ അദ്ദേഹത്തെകാണുമ്പോൾ നമുക്ക് തോന്നുക അദ്ദേഹം എന്നും അഹ്മദി ആയിരുന്നു എന്നാണ്. അദ്ദേഹം ശരിയായ അർത്ഥത്തിൽ അഹ്മദിയ്യത്തിന്റെ അംബാസിടറായിരുന്നു. എവിടെ പോയാലും ജമാഅത്തിനെ കുറിച്ച് പരാമർശിക്കുമായിരുന്നു. ജമാഅത്തിനെ കുറിച്ച് പറഞ്ഞാൽ എവിടെയെങ്കിലും അപകടമുണ്ടാകുമെന്ന് തോന്നിയാൽ യുക്തി ഭദ്രമായ രീതിയിൽ അവിടെയും ഇസ്‌ലാമിന്റെ സന്ദേശം നൽകിയിരുന്നു. ജമാഅത്തിന്റെ അധ്യാപനങ്ങൾ വിവരിക്കുമായിരുന്നു. ഈ വിശ്വാസങ്ങൾ ആരുടെതാണ് എന്ന് ജനങ്ങൾ ചോദിക്കുമ്പോൾ ഇത് അഹ്മദിയ്യാ ജമാഅത്തിന്റെതാണെന്ന് പറയുമായിരുന്നു. തുടർന്ന് ജമാഅത്തിനെ പരിചയപ്പെടുത്തുമായിരുന്നു. ഏതു സദസ്സിൽ ഏതുരീതിയിലുള്ള പുസ്തകമാണ് നൽകേണ്ടത് എന്ന് പ്രത്യേകം ശ്രദ്ധിച്ചിരുന്നു. ഇദ്ദേഹത്തിന്റെ സുഹൃത്ത് വലയത്തിൽ രാഷ്ട്രീയക്കാർ, സാഹിത്യകാരന്മാർ, കവികൾ, ഡോക്ടർമാർ, കോളേജിലെയും യൂണിവർസിറ്റിലെയും അധ്യാപകർ, വിദ്യാർത്ഥികൾ, സാമ്പത്തിക വിദക്തർ ഇതേപോലെ മറ്റു വിവിധ മേഖലകളിൽ പ്രവർത്തിക്കന്ന സ്ത്രീ പുരുഷന്മാർ ഉൾപ്പെട്ടിരുന്നു. റവീൽ സാഹിബ് നല്ല ഒരു കവിയായിരുന്നു. നല്ല സാഹിത്യകാരനും കൂടിയായിരുന്നു. ജേർണലിസ്റ്റായിരുന്നു. വിവർത്തകനും ഒരു ദാഈ ഇലല്ലായുമായിരുന്നു. പല ഗുണങ്ങളും അദ്ദേഹത്തിന് അല്ലാഹു നൽകിയിരുന്നു. അദ്ദേഹത്തെ അറിയുന്നവരും പുകഴ്ത്തുന്നവരുമായ വലിയ ഒരു വൃന്ദം ആളുകൾതന്നെയുണ്ട്. റവീൽ സാഹിബ് മുഖേന നമ്മുടെ മുബല്ലീമാർക്കും മുഅല്ലിമുകൾക്കും ചെന്നെത്താൻ കഴിയാത്ത വ്യക്തികൾ വരെ റഷ്യ, മുൻ സേവിയെറ്റ് നാടുകൾ എന്നിവിടങ്ങളിൽ ജമാഅത്തിന്റെ സന്ദേശം എത്തുകയുണ്ടായി. നമ്മുടെ മുറബ്ബിമാർക്ക് ബന്ധപ്പെടാൻ കഴിയുമെങ്കിലും കുറേ വൈകുമായിരുന്നു. മോസ്ക്കോ പോകുമ്പോൾ സാഹിത്യ സദസ്സുകളിൽ പൊതുവിൽ അദ്ദേഹം പങ്കെടുക്കുമായിരുന്നു. ഇങ്ങനെയുള്ള പരിപാടികളിൽ ഏതെങ്കിലും തരത്തിൽ ജമാഅത്തിനെ പരിചയപ്പെടുത്തും. അഹ്മദികളോട് ഇന്ന പുസ്തകവുമായി ഇന്ന സ്ഥലത്ത് ഇത്രഎണ്ണം ഇന്ന സമയത്ത് എത്തണമെന്ന് നേരത്തെതന്നെ പറഞ്ഞുവെക്കുകമായിരുന്നു. പ്രോഗ്രാമിന്റെ അവസാനത്തിൽ ജമാഅത്തിനെ പരിചയപ്പെടുത്തുമ്പോൾ ജനങ്ങൾ ആ പുസ്തകം പൊതുവിൽ വാങ്ങുമായിരുന്നു.

ലണ്ടനിൽ റഷ്യൻ ഡസ്ക്ക് തുടങ്ങിയതു മുതൽ രവീൽ സാഹിബ് കഠിനാധ്വാനത്തോടെ, ആത്മാർത്ഥതയോടെ വളരെ ആവേശത്തിൽ തന്റെ ജോലികൾ ചെയ്തുകൊണ്ടിരുന്നു. ജോലിക്കിടയിൽ വിശപ്പിനെക്കുറിച്ചോ മറ്റു വല്ല കാര്യത്തെക്കുറിച്ചോ, ഒരു ചിന്തയും ഇല്ലായിരുന്നു. ജമാഅത്തിന്റെ ജോലി പൂർത്തിയാക്കുന്നതിലാണ് സർവ്വശ്രദ്ധയും കേന്ദ്രീകരിച്ചിരുന്നത്. ഒരു ജോലിയും അപൂർണ്ണമായി വിട്ടില്ല. അദ്ദേഹത്തോടൊപ്പം ജോലിചെയ്യുന്ന മുബല്ലിഗ്മാർ പറയുന്നത് ചിലപ്പോൾ ഞങ്ങൾ അദ്ദേഹത്തോട് ക്ഷീണിച്ചിരിക്കുന്നു, അൽപം റസ്റ്റെടുക്കാം എന്ന് പറയുമ്പോൾ ചിരിച്ചുകൊണ്ട് പറയും, നിങ്ങൾ വേഗം ക്ഷീണിച്ചുപോയൊ.

ഖുത്വ്ബകളുടെ റഷ്യൻ ഡബ്ബിങ്ങ് അദ്ദേഹമാണ് ചെയ്തുവന്നത്. അതുകൊണ്ട് അതിനെക്കുറിച്ച് എപ്പോഴും പ്രത്യേക ശ്രദ്ധ ഉണ്ടായിരുന്നു. രണ്ട് വർഷം മുമ്പാണ് ഈ ജോലി വളരെ വിപുലമായി ചെയ്യാൻ തുടങ്ങിയത്. എം.ടി.എയിൽ ഖുത്വ്ബ വരാൻ തുടങ്ങി. ഇതേപോലെ ഇന്റർനെറ്റിലും ഖുത്വ്ബ വരുന്നുണ്ട്. ശനിയാഴ്ച തന്റെ കൂടെയുള്ളവരോട് ഖുത്വ്ബ പൂർത്തിയായോ എന്ന് ചോദിക്കുമായിരുന്നു. അല്ലെങ്കിൽ എപ്പോഴാണ് പൂർത്തിയാകുക എന്ന് ചോദിക്കും. ഞായറാഴ്ച കാലത്തോ ഉച്ചക്കോ ഡബ്ബിൻ ചെയ്യാൻ സാധിക്കുമോ എന്നും ആരായും. ചില സമയത്ത് വെള്ളിയാഴ്ച വൈകുന്നേരം തന്നെ തർജ്ജമ എപ്പോഴാണ് തീരുക എന്ന് ചോദിക്കാറുണ്ട്. ഖുത്വ്ബയുടെ ഡബ്ബിൻ പൂർണ്ണമാകാത്തതുവരെ അസ്വസ്തനായിരിക്കും. ജൽസാസാലാന ദിനങ്ങളിലും ഇദ്ദേഹത്തിന്റെ തിരക്കും അധ്വാനവും ആവേശവും ഒന്ന് വേറെത്തന്നെയായിരുന്നു. മൂന്ന് ദിവസങ്ങളിലും ദീനീസേവനത്തിനായുള്ള അദ്ദേഹത്തിന്റെ ആവേശം ഒന്ന് കാണേണ്ടതുതന്നെയാണ്. ഖലീഫയുടെ പ്രസംഗങ്ങളും ഖുത്വ്ബയുടെ കൂടാതെ ജൽസയിൽ പങ്കെടുക്കുന്നവർക്കായി മറ്റു പ്രഭാഷകരുടെ പ്രസംഗങ്ങളും തർജമ ചെയ്യാറുണ്ടായിരുന്നു. റഷ്യയിൽ നിന്നും മുൻസോവിയറ്റ് നാടുകളിൽനിന്നും അതിഥികളായി ആര് വന്നാലും അവരോട് വളരെ സന്തോഷത്തോടെ കൂടിക്കാഴ്ച നടത്തും, അവർക്ക് ജമാഅത്തിന്റെ വളർച്ചയെക്കുറിച്ച് പറഞ്ഞുകൊടുക്കും. വരുന്ന അതിഥികൾക്ക് വിശ്വാസ വർദ്ധനവിന്ന് കാരണമാകുന്ന കാര്യങ്ങൾ എപ്പോഴും അവർക്ക് പറഞ്ഞുകൊടുത്തിരുന്നു. അവരുടെ ആവശ്യങ്ങൾ ശ്രദ്ധിച്ചിരുന്നു. വല്ല കുറവുമുണ്ടെങ്കിൽ അത് നികത്താനായി സംഘാടകരുടെ ശ്രദ്ധയിൽപെടുത്തുകയും ചെയ്തിരുന്നു.

ജൽസാ സാലാനയുടെ അനുഗ്രഹങ്ങളെക്കുറിച്ച് തന്റെ സുഹൃത്തുക്കളോട് പറയുമ്പോൾ റഷ്യയിലും പ്രാന്തപ്രദേശത്തും നാം വർഷങ്ങളോളം തബ്‌ലീഗ് ചെയ്യുന്നതിനെക്കാളും എത്രയോ ഉത്തമമായിട്ടുള്ളത് ഒരു പ്രാവശ്യം ജൽസയിൽ പങ്കെടുക്കാനായി ക്ഷണിക്കുന്നതും ഹുസൂറുമായി അവർ കൂടിക്കാഴ്ച നടത്തുകയും ചെയ്യുക എന്നതുമാണ്. ഇങ്ങനെ കൂടുതൽ അതിഥികളെ ജൽസയിൽ പങ്കെടുപ്പിക്കാൻ ശ്രമിച്ചിരുന്നു.

ജമാഅത്തിന്റെ പല ഗ്രന്ഥങ്ങളും റഷ്യൻ ഭാഷയിൽ തർജമ ചെയ്തിട്ടുണ്ട്. അത് റഷ്യയിലും മറ്റു സ്ഥലത്തും തബ്‌ലീഗിനായി വളരെ ഫലപ്രദമാണ്. ഇതുകൂടാതെ റഷ്യൻ ഭാഷയിൽ വിശുദ്ധ ഖുർആൻ ഭാഷാന്തരം ചെയ്യുന്നതിലും വലിയ സേവനമാണ് ചെയ്തിട്ടുള്ളത്. ഇത് അദ്ദേഹം ചെയ്ത ബൃഹത്തായ ഒരു സേവനമാണ്. റഷ്യൻ ഡസ്ക്കിലെ മുറബ്ബിയായ ഖാലിദ് സാഹിബ് എഴുതുന്നു. ഞാനും റുശ്ത്തം ഇമാദ്അലി സാഹിബും (മോസ്കോ) 1999ൽ ഖലീഫത്തുൽ മസീഹ് നാലാമന്റെ ഉർദു തർജുമ മുമ്പിൽ കണ്ടുകൊണ്ട് റഷ്യൻ ഭാഷയിൽ പുതിയ തർജുമക്കുള്ള പ്രവർത്തനം തുടങ്ങിയിരുന്നു. ഇത് 2004ൽ പൂർത്തിയാക്കി. ഇതിനുശേഷം അതിന്റെ ചെക്കിങ്ങിന്റെ ജോലിയെല്ലാം ഞങ്ങൾ രണ്ടുപേരും റവീൽ സാഹിബിന്റെ കൂടെയാണ് ചെയ്തത്. ഈ ജോലി ലണ്ടനിൽവെച്ചാണ് പൂർത്തിയായത്. ഈ പ്രവർത്തനങ്ങൾ രാപകലെന്നില്ലാതെ ചെയ്തതിന്റെ ഫലമായി മൂന്ന് മാസത്തിനകം പൂർത്തിയാക്കി. വിശുദ്ധ ഖുർആന്റെ തർജുമ എന്നത് വലിയ ഒരുത്തരവാദിത്വമാണ്. വളരെ സൂക്ഷ്മതയോടെ ചെയ്യേണ്ടതാണത്. അതുകൊണ്ട് പരിശോധിക്കുമ്പോൾ ഓരോ വാക്കിനെക്കുറിച്ചും ശരിക്കും പരിശോധിച്ചിരുന്നു. തർജുമ ചെയ്തതുപോലെത്തന്നെയാണോ ഖുർആനിൽ ഉള്ളതെന്ന് മനഃസംതൃപ്തി കൈവരുത്തുമായിരുന്നു. റഷ്യൻ ഭാഷയിൽ ഇതിന് ഏറ്റവും അനുയോജ്യമായ വാക്ക് ഏതാണെന്ന് അന്വേഷിച്ച് അത് പ്രയോഗിക്കാൻ ശ്രമിച്ചിരുന്നു. ചിലപ്പോൾ ഒരായത്ത് പരിശോധിക്കാൻ തന്നെ മണിക്കൂറുകൾ വേണ്ടിവന്നിരുന്നു. റവീൽ സാഹിബ് ശരിക്കും പരിശോധിക്കുമായിരുന്നു. ഇദ്ദേഹത്തിന്റെ ഈ പരിശ്രമത്തിന്റെ ഫലമായി റഷ്യൻ ഭാഷയിൽ മൂന്ന് എഡിഷൻ ഇതുവരെ പ്രസിദ്ധീകരിച്ചു. 2006ൽ ലണ്ടനിലും 2007ൽ മോസ്ക്കോയിൽ നിന്നും 2008ൽ താത്താറിസ്ഥാനിൽനിന്നും. അല്ലാഹുവിന്റെ അനുഗ്രഹത്താൽ അദ്ദേഹത്തെ ഓർക്കാനുള്ള ഒരു സദഖ ജാരിയാണിത്.

റവീൽ സാഹിബ് ഞാൻ പറഞ്ഞതുപോലെ ഒരു നല്ല ജേണലിസ്റ്റായിരുന്നു. കവിയുമായിരുന്നു. വിവിധ ബഹുമതികൾ അദ്ദേഹത്തിന് ലഭിച്ചിട്ടുണ്ട്. താത്താരിസ്ഥാനിലെ ഉന്നതമായ ബഹുമതി അദ്ദേഹത്തിന് ലഭിച്ചിട്ടുണ്ട്. മൂസാജലീൽ പ്രൈസ് ഓഫ് ഓണർ എന്ന ബഹുമതി ലഭിച്ചു. 1986ൽ അഹ്മദിയ്യത്ത് സ്വീകരിക്കുന്നതിന് മുമ്പേയാണ് ഇത് ലഭിച്ചത്. 2001 ൽ ആട്സിൽ ചെയ്ത സേവനത്തിന് ഒരു ബഹുമതി ലഭിക്കുകയുണ്ടായി. 2006ൽ താത്താരിസ്ഥാനിൽ National Prize of honour ലഭിച്ചു. അദ്ദേഹത്തിന്റെ ഒരു പുസ്തകത്തിന് വലിയ സമ്മാനം ലഭിച്ചു. ഇതേപോലെ റഷ്യൻ ബുക്ക്ഫെയറിൽ 2009ൽ അദ്ദേഹത്തിന്റെ ബുക്ക് സമ്മാനത്തിന്നർഹമായി. 13 ഒക്ടോബർ the Order of Culture ഹരിട്ടേജ് എന്ന ബഹുമതി ലഭിച്ചു. വിവിധ Society യുടെ മെമ്പറായിരുന്നു. ലോകത്തുള്ള വിവിധ Societiകൾ ഇതിൽ ഉൾപ്പെടുന്നു. B.B.C റഷ്യൻ സർവ്വീസിൽ ഇദ്ദേഹം ജോലി ചെയ്തുകൊണ്ടിരുന്നു. എന്റിയോ ഒസ്റ്റാസ്ക്കി അദ്ദേഹത്തിന്റ സഹപ്രവർത്തകനാണ്. അദ്ദേഹം BBC റഷ്യൻ സർവ്വീസിന്റെ editor in Chief ആയിരുന്നു. അദ്ദേഹത്തിന്റെ അനുശോചന സന്ദേശത്തിൽ ഇപ്രകാരം പറയുന്നു: ''ഒരു ദീർഘകാലം BBC റഷ്യൻ സർവ്വീസിൽ ഞങ്ങളോടൊപ്പം ജോലിചെയ്ത ഞങ്ങളുടെ കൂട്ടുകാരൻ റാവീൽ ബുഖാരോ സാഹിബ് ഇപ്പോൾ നമ്മോടൊപ്പമില്ല. റാവീൽ ബുഖാറോ സാഹിബിന്റെ കൂടെ ഏകദേശം 15 വർഷം കൂടെ പ്രവർത്തിക്കാൻ സാധിച്ചു. ഇങ്ങനെയുള്ള ഉന്നത വ്യക്തിത്വത്തിന്റെ കൂടെ പ്രവർത്തിക്കാൻ എനിക്ക് സാധിച്ചത് വലിയ ഭാഗ്യമായാണ് ഞാൻ കരുതുന്നത്.''

എഴുതുന്നു: അദ്ദേഹം നല്ല ഒരു സ്കോളറായിരുന്നു. അതോടൊപ്പം ഒരുനല്ല കവിയും അടിയുറച്ച വിശ്വാസമുള്ള ഒരു മുസ്‌ലിമും ആയിരുന്നു. ഒരു മത പണ്ഡിതനാണെന്ന് അദ്ദേഹത്തെക്കുറിച്ച് പറയുകയാണെങ്കിൽ അത് തെറ്റായിരിക്കില്ല. റാവീൽ സാഹിബ് തന്റെ വ്യക്തിത്വം കാരണം പലരേയും സ്വാധീനിക്കുകയുണ്ടായി. അദ്ദേഹത്തിൽ ആകൃഷ്ഠരാകുക എന്നത് തെറ്റുമല്ല. അദ്ദേഹം നല്ലപോലെ സംസാരിക്കാൻ കഴിവുള്ള വ്യക്തികൂടിയായിരുന്നു. അദ്ദേഹത്തിന്റെ അറിവ് വിവിധ മേഖലകളിൽ വ്യാപിച്ചുകിടക്കുകയായിരുന്നു.

അദ്ദേഹം വളരെ മധുരമനോഹരമായ രീതിയിലാണ് സംസാരിക്കാറുണ്ടായിരുന്നത് എന്ന് അദ്ദേഹവുമായി സംസാരിച്ചവർക്ക് അറിയാം. അദ്ദേഹത്തിൽ വേഗം ആകൃഷ്ഠരായിപ്പോകുമായിരുന്നു. റാവീൽ സാഹിബ് റഷ്യൻ ഭാഷയിൽ എഴുതിയ ദറൂഗാബോഗ് ഗീനായി കൂദാ (ഈ മാർഗ്ഗം എന്നോട് കൊണ്ടുപോന്നു എന്ന് ദൈവത്തിന്നറിയാം)

എന്ന പുസ്തകത്തിൽ എങ്ങനെയാണ് ജമാഅത്തിനെ പരിചയപ്പെട്ടത് എന്നതിനെക്കുറിച്ച് പരാമർശിച്ചുകൊണ്ട് എഴുതുന്നു. അതിന്റെ ചുരുക്കം ഇപ്രകാരമാണ്. ഒരിക്കൽ ഞാൻ വൈകുന്നേരം ടി.വി. കണ്ടുകൊണ്ടിരിക്കുകയായിരുന്നു. പെട്ടെന്ന് ഫോൺ ബെൽ അടിച്ചു തുടങ്ങി. വീട്ടിലുള്ളവർ ഫോൺ എടുത്തു. എനിക്ക് ഇവിടെ ഫോൺ എടുക്കേണ്ട ആവശ്യമില്ലായിരുന്നു. (അദ്ദേഹം അവിടെ വാടക വീട്ടിലായിരുന്നു താമസിച്ചിരുന്നത്.) കാരണം എനിക്ക് ഇവിടെ ആരെയും പരിചയമില്ലായിരുന്നു. ഏതെങ്കിലും ഇംഗ്ലീഷ്ക്കാരൻ മറ്റൊരു ഇംഗ്ലീഷ്കാരനെ വിളിക്കുകയായിരിക്കും എന്ന് കരുതി. വീട്ടിലുള്ള സ്ത്രീ സംസാരിച്ചുകഴിഞ്ഞു. ഫോൺ ചെയ്ത വ്യക്തിയോട് അവർ പറഞ്ഞു: ‘‘ഇവിടെ ഒരു റഷ്യൻ അതിഥി എന്റെ അടുത്ത് വന്നിട്ടുണ്ട്.’’ഞാൻ ഇത്കേട്ട് അത്ഭുതപ്പെട്ടു. ഇംഗ്ലീഷുകാരുടെ ശീലമനുസരിച്ച് അങ്ങനെ പറയേണ്ടകാര്യം തന്നെയില്ല. ഏതായിരുന്നാലും ഞാൻ ഇതിനെ ഒരു മുഅ്ജിസത്തായാണ് കാണുന്നത്. പെട്ടെന്ന് എന്നെ ടെലിഫോണിന്റെ അടുത്തേക്ക് ക്ഷണിച്ചു. ടെലിഫോൺ എനിക്ക് നൽകി. മറുഭാഗത്ത് ഫോൺ വിളിച്ചിരുന്ന വ്യക്തി വളരെ താത്പര്യം പ്രകടിപ്പിച്ചു. എവിടെനിന്നാണ് വന്നത് എന്ന് അന്വേഷിച്ചു. അടുത്ത ദിവസം അഹ്മദിയ്യാ മസ്ജിദിൽ വരാൻ പറഞ്ഞു. സംസാരത്തിൽ അദ്ദേഹം അഹ്മദിയ്യത്ത് എന്ന് ഉപയോഗിച്ചില്ല. എനിക്ക് വീട്ടിൽ നിന്ന് പുറത്തുപോകാനും ആഗ്രഹമുണ്ടായിരുന്നു. അതുകൊണ്ട് വരാം എന്ന് ഞാൻ സമ്മതിച്ചു. ഫോൺ വെച്ചു. രാവിലെ എന്നെ കൊണ്ടു പോകാൻ വണ്ടി വന്നു. അത് എന്നെ മസ്ജിദ് വരെ എത്തിച്ചു. അത് പട്ട്നി എന്ന സ്ഥലത്തായിരുന്നു. ഞാൻ ആദ്യമായി അവിടെ കണ്ടത് അഹ്മദിയ്യാ ജമാഅത്തിന്റെ മുദ്രാവാക്യമായിരുന്നു. സ്നേഹം എല്ലാവരോടും വെറുപ്പ് ആരോടുമില്ല. എനിക്ക് തുടക്കത്തിൽ തന്നെ ഇസ്‌ലാമിനോട് താത്പര്യമായിരുന്നു. അതുകൊണ്ട് ഞാൻ മറ്റെല്ലാ ജോലിയും ഉപേക്ഷിച്ച് അഹ്മദിയ്യാ ജമാഅത്തിന്റെ പുസ്തകങ്ങൾ റഷ്യൻ ഭാഷയിലേക്ക് വിവർത്തനം ചെയ്യാൻ തുടങ്ങി. തർജമ ചെയ്യാൻ എന്നോട് അപേക്ഷിച്ചിരുന്നു. ഞാൻ അഹ്മദിയ്യാ ജമാഅത്തിന്റെ ഖലീഫ മിർസാ താഹിർ അഹ്മദ് സാഹിബിനെ കണ്ടു. രണ്ടുമണിക്കൂർ നേരത്തെ സംസാരത്തിന്നുശേഷം ഞങ്ങൾ രണ്ടുപേരും ലോകത്തെ ഒരേരീതിയിലാണ് കാണുന്നത് എന്ന് മനസ്സിലായി. ഈ സംസാരത്തിൽ എനിക്ക് പല പുതിയ കാര്യങ്ങളും ലഭിച്ചു. അതിനുശേഷം എനിക്ക് നൽകിയ ജോലി ഞാൻ ചെയ്തു കൊണ്ടിരുന്നു. പുസ്തകങ്ങൾ തർജുമ ചെയ്യുക എന്നത് മാത്രമായിരുന്നു എന്റെ ഉദ്ദേശ്യം. എന്നാൽ ഈ പുസ്തകങ്ങളിലുള്ള വിഷയങ്ങൾ വളരെ വ്യക്തവും അർത്ഥ ഗർഭഹുമായിരുന്നു. കുറഞ്ഞ കാലയലവിനുള്ളിൽ തന്നെ എനിക്ക് കാര്യങ്ങൾ മനസ്സിലായി. ജമാഅത്തിൽ പ്രവേശിക്കുക എന്നത് ഒരു യാദൃശ്ചിക സംഭവമായിരുന്നില്ല. എന്നെ കൊണ്ടുവന്നത് ദൈവ വിധിയായിരുന്നു. ഈ കൂടിക്കാഴ്ചക്ക്ശേഷം അദ്ദേഹത്തിന് തർജുമയുടെ ജോലി നൽകിയിരുന്നു. ഇസ്‌ലാമാബ് (ടിൽഫേഡിൽ) താമസിക്കാനുള്ള സൗകര്യം ഏർപ്പെടുത്തിക്കൊടുത്തു. എഴുതുന്നു. അവിടെ വിശാലമായ സ്ഥമായിരുന്നു. എനിക്ക് വീട് അവിടെയാണ് നൽകിയത്. അവിടെ ജോലി ചെയ്യാൻ എനിക്ക് വളരെ താത്പര്യമായിരുന്നു. വളരെ സന്തോഷമായിരുന്നു. എഴുതുന്നു. അടുത്ത നാലാഴ്ച വളരെ ആത്മാർത്ഥമായി ഞാൻ ജോലി ചെയ്തു. അന്ന് ഉറങ്ങാൻ കുറഞ്ഞ സമയമേ ലഭിച്ചിരുന്നുള്ളു. നാല് പുസ്തകങ്ങൾ തർജുമ ചെയ്തു. ഈ പുസ്തകങ്ങൾ തർജുമ ചെയ്യുമ്പോൾ ജമാഅത്തിന്റെ വാദങ്ങൾ വളരെ ഉത്തമമായി അനുഭവപ്പെട്ടു. എനിക്ക് ഏറ്റവും ഇഷ്ടപ്പെട്ട വാദങ്ങളിൽ ഒന്ന് അടുത്ത ഭാവിയിൽ ഇസ്‌ലാം ലോകം മുഴുവനും വ്യാപിക്കും എന്നതായിരുന്നു.

എഴുതുന്നു. ഇക്കാലത്ത് ഒരാത്മീയ വിപ്ലവം സംജാതമാക്കാനായി നിയോഗിക്കപ്പെട്ട ജമാഅത്ത് ഇതുമാത്രമാണെന്നാണ് അഹ്മദിയ്യാ ജമാഅത്തിന്റെ വാദം. (തന്റെ പുസ്തകത്തിലാണ് ഇത് എഴുതിയത്.) അല്ലാഹുവിന്റെ ഏകത്വത്തിലേക്ക് ലോകത്തെ ക്ഷണിക്കുന്ന ജമാഅത്ത് ഇതായിരിക്കും **ഇൻശാ അല്ലാഹ്.** മുഴുവൻ ലോകത്തേക്കും മസീഹായി വന്ന വാഗ്ദത്ത മസീഹാണ് ഈ ജമാഅത്ത് സ്ഥാപിച്ചത്. ലോകത്തെ ഒന്നടങ്കം ഈ ജമാഅത്ത് നേരിട്ടുകൊണ്ടിരിക്കുകയാണ്. ലോകത്തുള്ള പ്രബലമായ ഭരണകൂടങ്ങളെ ഇത് വെല്ലുവിളിക്കുന്നു. ഈ ചെറിയ ജമാഅത്ത് നൽകിയിരിക്കുന്ന വെല്ലുവിളി ആദ്യ കാലത്ത് ഇസ്‌ലാം നൽകിയ വിശദീകരണം പോലെയല്ല. ലോകത്തെ എല്ലാ മതങ്ങളെയും ആത്മീയ മൈതാനത്തേക്ക് ഇറങ്ങാനുള്ള തുറന്ന വെല്ലുവിളികൾ നടത്തിയിരിക്കുന്നത്. അതിൽ ക്രൂസ്തുമതവും ഉൾപ്പെടുന്നു.

ഈ പുസ്തകത്തിൽ തന്റെ ഒരു സ്വപ്നം അദ്ദേഹം വിവരിക്കുന്നു. അദ്ദേഹം പറയുന്നു: ‘‘സ്വപ്നത്തിൽ ഞാൻ കാണുന്നു. ഞാൻ കാസാനിലെ പള്ളിയായ മർജാനിലെ രണ്ടാമത്തെ നിലയിൽ നമസ്ക്കരിക്കുകയാണ്. അവിടെ സുന്നത്ത് നമസ്ക്കരിക്കുന്ന പലരുമുണ്ട്. അവരുടെ മുമ്പിൽ ജമാഅത്തായി നമസ്ക്കരിക്കാൻ സഫ്ഫ് ശരിയാക്കി കൊണ്ടിരിക്കുകയാണ്. അപ്പോൾ ഞാൻ കാണുന്നത് എല്ലാവരും തന്നെ മിഹ്റാബിന്റെ ഭാഗത്തേക്ക് (ഖിബ്‌ലയുടെ ഭാഗത്തേക്ക്) മുഖം തിരിച്ചിരിക്കുന്നു. എന്നാൽ ഞാൻ ജനലിന്റെ ഭാഗത്തേക്കുണ് മുഖം തിരിച്ചിരിക്കുന്നത്. അതിലൂടെ എന്നിൽ സൂര്യകിരണങ്ങൾ പതിക്കുന്നുണ്ട്. ഞാൻ എന്നോട് തന്നെ ചോദിച്ചു. മറ്റുള്ളവരെല്ലാം തിരിഞ്ഞ ഭാഗത്തേക്ക് ഞാൻ എന്തുകൊണ്ട് തിരിയുന്നില്ല. സ്വപ്നത്തിൽ തന്നെ ഞാൻ മറുപടി പറയുന്നു. അതേ ഞാൻ യാത്രയിലാണ്. ഇസ്‌ലാമിന്റെ നിയമമനുസരിച്ച് യാത്ര ചെയ്യുമ്പോൾ ഏതുഭാഗത്തേക്കാണോ യാത്ര ചെയ്യുന്നത് ആ ഭാഗത്തേക്കാണ് മുഖം തിരിക്കേണ്ടത്. പ്രകാശം വരുന്ന ആ സ്ഥലത്തേക്ക് നോക്കുക എന്നത് ശരിയായിരുന്നു എന്ന് മനസ്സിലായി.’’

സ്വപ്നത്തെക്കുറിച്ച് തുടർന്ന് എഴുതുന്നു. ജമാഅത്തായ നമസ്ക്കാരത്തിന്നായി തക്ബീർ ചൊല്ലി. മറ്റുള്ളവരോടൊപ്പം ഞാനും സഫ്ഫിൽ നിന്നു. അങ്ങനെ ആ ദൃശ്യം മാറുന്നു. പെട്ടെന്ന് ഞാൻ കാണുന്നത് ഞാൻ പൂർണ്ണമായി നഗ്നനായിട്ടാണ്. എന്റെ തല മാത്രമാണ് മറച്ചിരിക്കുന്നത്. ഇത്രയും ആളുകൾ അവിടെ ഉണ്ടായിട്ടും എനിക്ക് അതിൽ ഒരു നാണവും തോന്നുന്നില്ല. ഇതുകൂടാതെ മസ്ജിദിന്റെ ചുറ്റുപാടും പ്രത്യേകമായ അവസ്ഥയിലായിരുന്നു. മുകളിൽ ഗ്യാലറിയിൽ താത്താറി സ്ത്രീകൾ വെള്ള പുതപ്പുകൾ അണിഞ്ഞു നിൽക്കുന്നുണ്ടായിരുന്നു. ഇത്രയും ആളുകളുടെ മുമ്പാകെ നഗ്നനായിട്ടുകൂടി എനിക്ക് ഒരു നാണവും തോനുന്നില്ല. പിഞ്ചു പൈതലിനെപ്പോലെയായിരുന്നു ഞാൻ. ഈ അവസ്ഥയിൽ ഞാൻ അല്ലാഹുവിന്റെ മുമ്പിൽ നിൽക്കുകയാണെന്നും ചിന്തയിൽ വന്നു. ഈ സ്വപ്നം ഞാൻ ഖലീഫത്തുൽ മസീഹ് നാലാമനെ കേൾപ്പിച്ചു. അപ്പോൾ എനിക്ക് ലഭിച്ച മറുപടി ഇതാണ്. ‘‘ആത്മീയമായി ഒരു പുനർജനനം ലഭിക്കണമെങ്കിൽ, അല്ലാഹുവിലേക്ക് യാത്ര ചെയ്യണമെങ്കിൽ തന്റെ ആദ്യത്തെ വസ്ത്രം അയിച്ചുമാറ്റിയാൽ മാത്രമെ സാധിക്കുകയുള്ളൂ. അല്ലാഹുവിന്റെ മുമ്പിൽ സാധുവിന്റെ വേഷത്തിൽ, ഒന്നും ഇല്ലാത്ത അവസ്ഥയിൽ നിൽക്കേണ്ടതാണ്.’’

ഒരു വിധ സന്ദേഹവും എന്റെ ഉള്ളിലില്ലാ എന്ന് ഈ സ്വപ്നത്തിൽ നിന്നും എനിക്ക് മനസ്സിലായി. എനിക്ക് മനസ്സിലായ മറ്റൊരു കാര്യം ആത്മീയമായ പുനർജനനം മാത്രം മതിയായതല്ല. മുമ്പുള്ള എല്ലാ പാപങ്ങളിൽ നിന്നും രക്ഷപ്പെട്ടുകൊണ്ട് (അല്ലാഹുവാണ് പാപങ്ങളിൽ നിന്ന് പരിശുദ്ധമാകുക) ഒരു പുതിയ ജീവിതം തുടങ്ങേണ്ടത്

അനിവാര്യമാണ്. ഈ വഴിയിലൂടെ ഞാനും നടക്കാൻ തുടങ്ങി. അഹ്മദിയ്യാ ജമാഅത്തിനൊപ്പമാണ് ഞൻ നടക്കുന്നത്. നിങ്ങളെയും മറ്റെല്ലാവരെയും ഞാൻ ഇതിലേക്ക് ക്ഷണിക്കുന്നു. (അദ്ദേഹം മറ്റു ള്ളവരെ തബ്‌ലിഗ് ചെയ്യുകയാണ്.) എന്റെ പരോക്ഷമായ വിവിധ ആഗ്രഹങ്ങളും പൂർത്തിയായി. യാദൃശ്ചികങ്ങൾ എന്ന് നാം പറയുന്നു പല അത്ഭുത സംഭവങ്ങളാലും എന്റെ ജീവിതം നിറഞ്ഞിട്ടുള്ളതാണ്. ഈ ഗ്രന്ഥത്തിൽ തന്റെ ചില സംഭവങ്ങൾ അദ്ദേഹം വിവരിച്ചിട്ടുണ്ട്.

റാവീൻ സാഹിബ് ജമാഅത്തിന്റെ പുസ്തകങ്ങൾ റഷ്യൻ ഭാഷ യിലേക്ക് തർജമ ചെയ്തിട്ടുണ്ട്. ചിലത് പരിശോധിച്ചു. ചിലത് ശരി യാക്കുകയും ചെയ്തു. തർജമ ചെയ്ത പുസ്തകങ്ങളിൽ ദഅ്‌വ ത്തുൽ അമീർ, മതത്തിന്റെ പേരിൽ മനുഷ്യഹത്യ, Story from early islam, Muslim festivels, Holy Muslim, ഇസ്‌ലാമും ആനുകാലിക പ്രശ്നങ്ങലും, Prophet kindnes to Children, ഇതേപോലെ കുട്ടികൾകുള്ള പുസ്തകങ്ങൾ, നോട്ടീസുകൾ എന്നിവ ഉൾപ്പെടുന്നു. ഇതേപോലെ പരിശോധിച്ച പുസ്തകങ്ങൾ ഇവയാണ്. ഇസ്‌ലാം മതതത്വജ്ഞാനം, മസീഹ് ഹിന്ദുസ്ഥാൻമെ, നമ്മുടെ അധ്യാപനങ്ങൾ, തഫ്സീറുൽ ഖുർആൻ ഒരു മുഖവുര, ഇസ്‌ലാമും സാമ്പത്തിക ശാസ്ത്രവും ഇസ്‌ലാമിൽ സ്ത്രീകൾക്കുള്ള സ്ഥാനം, Life of Muhammad (sw) എന്നിവ ഉൾപ്പെടുന്നു.

വിവിധ സ്ഥലങ്ങളിൽ ഞാൻ നടത്തിയ പീസ് കോൺഫ്രൻസിലെ പ്രഭാഷണങ്ങൾ ഇദ്ദേഹം തർജമ ചെയ്തിട്ടുണ്ട്. ഇത് റഷ്യൻ ജന ങ്ങൾക്ക് വളരെ പ്രധാനപ്പെട്ടതായി കരുതികൊണ്ടാണ് തർജമ ചെയ്ത ത്. ഏതായിരുന്നാലും ഞാൻ നേരത്തെ പറഞ്ഞതുപോലെ വിശുദ്ധ ഖുർആന്റെ തർജുമയാണ് ഇദ്ദേഹത്തിന്റെ ഏറ്റവും വലിയ സേവനം.

BBC യും മറ്റു വിവിദ വെബ്സൈറ്റുകളും അദ്ദേഹത്തിന്റെ മര ണത്തിൽ അനുശോചനം അറിയിക്കുകയുണ്ടായി.

BBC ഡോട്ട് Rassian ഒരു ലേഖനം എഴുതിയിട്ടുണ്ട്. എഴുതിയ വ്യക്തി ആശ്രയഅസ്ത്തൽനാക്കി എന്നാണ്. എഴുതുന്നു. അദ്ദേഹം കൃത്യനിഷ്ഠയുള്ള വ്യക്തിയായിരുന്നു. ഓരോ ജോലിയും കൃത്യസമ യത്ത് ചെയ്തു തീർക്കും. നമുക്ക് ഒരു മാതൃകയായിരുന്നു. സത്യ വാനായ മുസ്‌ലിമായിരുന്നു. മതപണ്ഡിതനായിരുന്നു. BBC ഇന്നലെ അരമണിക്കൂർ നേരം അദ്ദേഹത്തെക്കുറിച്ചുള്ള പ്രോഗ്രാമാണ് സംപ്രേ ഷണം ചെയ്തത്. അതിൽ അദ്ദേഹത്തിന്റെ ശബ്ദം കേൾപ്പിച്ചു. സംസാരങ്ങൾ കേൾപ്പിച്ചു. Dr. Abdussalam സാഹിബിനെയും പരാമർശിക്കുകയുണ്ടായി. അദ്ദേഹം അഹ്മദി മുസ്‌ലിമാണെന്നും വിശുദ്ധ ഖുർആൻ മുഖേനയാണ് അദ്ദേഹത്തിന് നോബൽ സമ്മാനം ലഭിച്ചതെന്നും പറഞ്ഞു.

ബി.ബി.സി.ക്കാർ പറഞ്ഞത് അദ്ദേഹം താത്താരിസ്ഥാനിൽ മാത്രം ഒതുങ്ങുന്ന എഴുത്തുകാരനല്ല, മറിച്ച് റഷ്യ ഒട്ടുക്കുമുള്ള എഴുത്തു കാരനാണ്. താത്താരിസ്ഥാനിലെ നാഷണൽ ടി.വി.യും അദ്ദേഹ ത്തിന്റെ മരണവാർത്ത സംപ്രേഷണം ചെയ്തു. നാടിനോടുള്ള സ്നേഹം അതിൽ പറഞ്ഞു. താത്താർ സമൂഹത്തെ വളരെയധികം സ്നേഹിച്ചിരുന്നു. അദ്ദേഹത്തെക്കുറിച്ച് ഇന്റർനെറ്റിൽ എഴുതിയത് ഇപ്രകാരമാണ്. അഹ്മദി മുസ്‌ലിമാണ്. ഒരു വെബ്സൈറ്റിൽ അദ്ദേഹം അഹ്മദിയാണെന്ന് വ്യക്തമായി പറഞ്ഞുകൊണ്ട് എഴുതി യിട്ടുണ്ട്. ഒരു ചോദ്യത്തിൽ മറുപടിയായി പറയുന്നു. ലോകത്തിലേ ക്കുള്ള എന്റെ യാത്ര തുടങ്ങിയത് ഓസ്ട്രേലിയയിൽ നിന്നാണ്. അവിടെ നിന്ന് ആഗോള അഹ്മദിയ്യാ ജമാഅത്ത് എന്നെ ലണ്ടനി ലേക്ക് ക്ഷണിച്ചു. ഇസ്‌ലാമിന്റെ പുനർജനത്തിനായാണ് ഈ ജമാ അത്ത് രൂപീകരിച്ചിട്ടുള്ളത്. ഇവരുടെ മുദ്രാവാക്യം Love for All Hatred for none എന്നാണ്. ഇത് എന്റെ മനസ്സിൽ ഉള്ളതു പോലെയായിരുന്നു. ഇസ്‌ലാമിന് വിരുദ്ധമായ ഒരു പ്രവർത്തിയും ഇവരിൽ ഞാൻ കണ്ടിട്ടില്ല. യഥാർഥ ഇസ്‌ലാം എന്നത് അഹ്മദി യ്യത്ത് തന്നെയാണ്. ഇസ്‌ലാം മൗലവിമാർക്ക് മാത്രമുള്ളതല്ല, മാനവ രാശിക്കാകമാനം ഉള്ളതാണ്.

എനിക്ക് എന്റെ വഴിലഭിച്ചപ്പോൾ, ഇസ്‌ലാമിന്റെ അടിസ്ഥാന അധ്യാ പനങ്ങലും ഇംഗ്ലീഷ് ഭാഷയും പഠിക്കാനുള്ള അവസരം ലഭിച്ചപ്പോൾ, ഞാൻ എന്റെ പൊതുജീവിതത്തിൽ നിന്നും വിട്ടകന്നു. പിന്നീട് എനിക്ക് ജോലിക്കായി വിവിദ ഭാഗങ്ങളിൽനിന്ന് ക്ഷണം ലഭിച്ചു തുട ങ്ങി. (ആദ്യം ജോലി ഇല്ലായിരുന്നു പിന്നീട് ജമാഅത്തിന്റെ തർജമ തുടങ്ങിയതോടുകൂടി വിവിധ സ്ഥലങ്ങളിൽ നിന്നും ജോലിക്കുള്ള ക്ഷണം വരാൻ തുടങ്ങി). റഷ്യയിൽ ഇസ്‌ലാമീ കൗൺസിലിലേക്ക് പല പ്രാവശ്യം എന്നെ ക്ഷണിക്കുകയുണ്ടായി.

നിങ്ങളുടെ ഗുരുനാഥനാരാണെന്ന ചോദ്യത്തിന് എന്റെ മാതാപിതാ ക്കൾക്ക് ശേഷം അഹ്മദിയ്യാ ജമാഅത്തിന്റെ ഖലീഫയാണ് എന്റെ ഗുരുനാഥൻ എന്നാണ് മറുപടി പറഞ്ഞത്. അങ്ങനെയുള്ള ഗുരുനാ ഥനെ എനിക്ക് വളരെ വൈകിയാണ് കിട്ടിയത്. 20 വർഷം മുമ്പേ കിട്ടിയിരുന്നെങ്കിൽ പലതും എനിക്ക് ചെയ്യാൻ സാധിക്കുമായിരുന്നു.

റാവീൽ സാഹിബ് പലഗുണങ്ങളും ഉള്ള വ്യക്തിയായിരുന്നു. എന്നാൽ മറ്റുള്ളവരിൽ നിന്നും അദ്ദേഹത്തെ വ്യതിരിക്തമാക്കുന്ന ഗുണം അദ്ദേഹത്തിന്റെ വിനയത്ത്വവും എളിമത്ത്വവുമാണ്. ഖിലാഫത്തിനോട് അതിയായി സ്നേഹമായിരുന്നു. കാലത്തിന്റെ ഖലീ ഫയുമായി സുദൃഢമായ ബന്ധമുണ്ടായിരുന്നു. മറ്റൊന്നിനും അതിന്റെ മുമ്പിൽ ഒരു സ്ഥാനവും നൽകിയിരുന്നില്ല.

ഖാലിദ് സാഹിബ് എഴുതുന്നു. അടുത്തിടെ ഉണ്ടായ ഒരു സംഭവം പറയാം. കഴിഞ്ഞ വർഷം ഡിസംബറിന്റെ അവസാനത്തിൽ ഞാനു മായി(ഹുസൂറുമായി) അദ്ദേഹത്തിന്റെ മീറ്റിംഗ് ഉണ്ടായിരുന്നു. ഖാലിദ് സാഹിബ് എഴുതുന്നു. ഞാനും റാവീൽ സാഹിബും ഹുസൂറിന്റെ ഓഫീസിൽ മുലാഖാത്തിനായി ഹാജറായി. റാവീൽ സാഹിബ് എ ന്നോട് ചോദിച്ചു. അനുവാദമുണ്ടെങ്കിൽ, ജമാഅത്തിനെ വിശദമായി പരിചയപ്പെടുത്തുകയും ചരിത്രം പരാമർശിക്കുകയും ചെയ്യുന്ന തര ത്തിൽ ഒരു പുസ്തകം റഷ്യൻ ഭാഷയിൽ പ്രസിദ്ധീകരിക്കുന്നതാ ണ്. അതിൽ പൊതു മുസ്‌ലിംകൾ ഇടക്ക് ഉന്നയിക്കുന്ന ആക്ഷേപ ങ്ങൾക്ക് മറുപടിയും ഉൾപ്പെടുത്താവുന്നതാണ്. കാരണം മൗലവിമാർ ജമാഅത്തിനെക്കുറിച്ച് തെറ്റായ അറിവാണ് നൽകിയത്. ഇതുമുഖേന റഷ്യയിൽ നിത്യവും വിവിധ ആക്ഷേപങ്ങൾ വിവിധ വെബ്സൈറ്റു കളിൽ കാണാവുന്നതാണ്. ഞാൻ അദ്ദേഹത്തോട് പറഞ്ഞു: “ശരി നിങ്ങൾ പുസ്തകം എഴുതുക. എന്നാൽ ആക്ഷേപങ്ങൾക്കുള്ള മറു പടി ചെറിയ ചെറിയ വിഷയങ്ങളായി വെവ്വേറെ പ്രസിദ്ധീകരിക്കുക. അത് വെബ്സൈറ്റിന് അയച്ചുകൊടുക്കുക.” റവീൽ സാഹിബ് ഉടനെ സമ്മതം മൂളുകയുണ്ടായി. മീറ്റിംങ്ങിനുശേഷം ഞങ്ങൾ പുറത്തിറങ്ങി. ഖാലിദ് സാഹിബ് പറയുന്നു:“റാവീൽ സാഹിബ് പറഞ്ഞു, ഈ പ്രവർത്തനം എങ്ങിനെ തുടങ്ങണം എന്നാണ് ഇതുവരെ ഞാൻ ചിന്തിച്ചിരുന്നത്. ഹുസൂർ ഇന്ന് എന്റെ പ്രയാസം ദൂരീകരിച്ചു. എന്റെ ചിന്തയിൽ എന്തുചെയ്യണം എന്നതിന്റെ പൂർണ്ണരൂപം തെളിഞ്ഞുവന്നിരിക്കുന്നു. ഇതെല്ലാം ഖിലാഫത്തിന്റെ അനുഗ്രഹം കൊണ്ടാണ് സാധ്യമായത്. ഈ ജോലി ഇന്ന് മുതൽ തന്നെ ഞാൻ തുടങ്ങുകയാണ്.”ഇതു കൂടാതെ റഷ്യൻ വെബ് സൈറ്റ് തുട ങ്ങാനുള്ള അഭിപ്രായവും അദ്ദേഹം സമർപ്പിച്ചിരുന്നു. അതിനെക്കു റിച്ച് വേഗം റിപ്പോർട്ട് നൽകാൻ ഞാൻ പറഞ്ഞിരുന്നു. ആര് ഉണ്ടാകും, ആര് അപ്‌ലോഡ് ചെയ്യും, ആര് അപ്ഡേറ്റ് ചെയ്തുകൊ ണ്ടിരിക്കും ഇതെല്ലാം റിപ്പോർട്ടിൽ ഉൾപ്പെടുത്താൻ പറഞ്ഞു.

റാബീൽ സാഹിബ് സയ്യിദ് റഹ്മത്തുല്ലാഹ് സാഹിബുമായി ബന്ധപ്പെട്ടു. ജർമ്മനിയിൽ നിന്നും മലക്ക് സമർ ഇംതിയാസ് സാഹിബുമായി ബന്ധപ്പെട്ടു. അദ്ദേഹം മുഖേന ഈ ജോലി തുടങ്ങി ക്കഴിഞ്ഞിട്ടുണ്ടായിരുന്നു. ഏതായിരുന്നാലും ഈ പ്രവർത്തനം നടന്നുകൊണ്ടിരിക്കുകയായിരുന്നു. അപ്പോഴാണ് അല്ലാഹു അദ്ദേഹത്തെ തിരിച്ചുവിളിച്ചത്. ഏതായിരുന്നാലും ഉടനെതന്നെ പ്രവർത്തനം തുടങ്ങിയിരുന്നു.

ഖാലിദ് സാഹിബ് എഴുതുന്നു. റാവീൽ സാഹിബ് സമയം പാഴാക്കാതെ ജോലി ചെയ്തുകൊണ്ടിരുന്നു. അദ്ദേഹത്തിനെപ്പോഴും വേഗത്തിൽ ജോലി ചെയ്യുന്ന ശീലമുണ്ടായിരുന്നു എന്ന് അദ്ദേഹത്തെ അടുത്തറിയുന്നവർക്കറിയാം. അദ്ദേഹത്തിന്റെ പക്കൽ സമയം വളരെ കുറവായി തോന്നുന്നതുപോലെ. ഞാനും ഇത് കണ്ടിട്ടുള്ളതാണ്. കഴിവതും വേഗത്തിൽ എല്ലാ ജോലിയും ചെയ്തു തീർക്കാൻ ശ്രമിച്ചിരുന്നു. കുറഞ്ഞ സമയത്തിനുള്ളിൽ ആയിരക്കണക്കിന് ജോലികൾ ചെയ്തുതീർക്കുമായിരുന്നു. ജോലിക്കിടെ അല്ലാഹുവിന് വേണ്ടിയെങ്കിലും അൽപം വിശ്രമിക്കുക എന്ന് പറയേണ്ടി വരാറുണ്ട്. ഇതുകേട്ടാൽ ചിരിച്ചുകൊണ്ട് പറയും നിങ്ങൾ ക്ഷീണിച്ചുപോയൊ. ഞാൻ ഇതുവരെ ക്ഷീണിച്ചിട്ടില്ല. ജോലിക്കിടെ ഭക്ഷണത്തിനുള്ള സമയമായാൽ ഭക്ഷണം വേഗത്തിൽ കഴിക്കുമായിരുന്നു. തുടർന്ന് പ്രവർത്തനം തുടങ്ങാനായിരുന്നു ഇത്. റഷ്യയിലും അടുത്ത പ്രദേശങ്ങളിലും ജമാഅത്തിന്റെ വളർച്ചയെക്കുറിച്ചാണ് എപ്പോഴും ചിന്തിച്ചിരുന്നത്. ലണ്ടനിൽ നിന്ന് മോസ്കോ പോകുമ്പോൾ വിവിധ പ്രോഗ്രാമുകൾ ഉണ്ടാക്കുകയും വിവിധ പദ്ധതികൾ ആസൂത്രണം ചെയ്യുകയും ചെയ്തിരുന്നു. റഷ്യയിൽ ഇന്ന കാര്യങ്ങൾ നാം ശ്രദ്ധിക്കുന്നില്ലെങ്കിൽ അവിടെ അഹ്മദിയ്യത്തിന്റെ സന്ദേശം നമുക്ക് എത്തിക്കാൻ സാധിക്കുന്നതല്ല. മോസ്കോ, കാസാൾ എന്നിവിടങ്ങളിലെ മിഷൻ ഹൗസുകൾ സ്വന്തം ഒരു ബിൽഡിംങ്ങിൽ അല്ല. ഫ്ളാറ്റുകളിലാണ് പ്രവർത്തിക്കുന്നത്. എപ്പോഴും പറയാറുള്ളത് ജനങ്ങൾ ജമാഅത്തിന്റെ സെന്റർ എന്ന് കേൾക്കുമ്പോൾ ഊഹിക്കൽ വലിയ വിശാലമായ കെട്ടിടമായിരിക്കും. അതുകൊണ്ട് ജമാഅത്തിന്റെ വിജയത്തിനായി ഫ്ളാറ്റുകൾക്ക് പകരം വലിയ വലിയ ബിൽഡിങ്ങുകൾ വാങ്ങേണ്ടതാണ്.

എന്റെ അടുത്ത് എന്തെങ്കിലും പദ്ധതിയുമായി വരുമ്പോൾ അതിന് കൂടുതൽ സാമ്പത്തിക ബാധ്യത വരുന്നതായാൽ പല കാരണങ്ങൾ കൊണ്ടും അത് തിരസ്ക്കരിക്കേണ്ടിവന്നാൽ യാതൊരുവിധ സംങ്കോചവും കൂടാതെ അത് സന്തോഷത്തോടെ സ്വീകരിക്കുമായിരുന്നു. ഒരു വിധ വിമ്മിഷ്ടവും മുഖത്ത് പ്രകടമായിരുന്നില്ല.

ഏതെങ്കിലും ഒരു പദ്ധതി തിരസ്ക്കരിച്ചാൽ പിന്നെ നിരാശനായി ഇരിക്കുകയല്ല ചെയ്തിരുന്നത്. ഉടനെ അതിനുപകരം മറ്റൊരു പദ്ധതി കൊണ്ടുവന്നിരുന്നു. അതിൽ സാമ്പത്തിക ബാധ്യത കുറവായിരിക്കും. അതല്ലെങ്കിൽ മറ്റേതു രീതിയിൽ ആ ജോലി ചെയ്യാൻ സാധിക്കുമെന്ന് അന്വേഷിക്കുമായിരുന്നു. ചുരുക്കത്തിൽ ഏതെങ്കിലും രീതിയിൽ അഹ്മദിയ്യത്തിന്റെ സന്ദേശം മുഴുവനും റഷ്യയിൽ എത്തിക്കണം എന്നതായിരുന്നു ആകെയുള്ള ചിന്ത.

നമ്മുടെ ഒരു മുബല്ലിഗ് ഹാഫിസ് സയ്യിദ് റഹ്മാൻ സാഹിബ് എഴുതുന്നു. റാബീൽ സാഹിബ് അഹ്മദിയ്യത്ത് സ്വീകരിച്ചിട്ട് 22 വർഷമെ ആയിട്ടുള്ളൂ. എങ്കിലും അഹ്മദിയ്യാ ഖിലാഫത്തിനോടുള്ള സ്നേഹവും ഖിലാഫത്തിന്റെ ആദരവും ബഹുമാനവും കാണുമ്പോൾ അദ്ദേഹം പാരമ്പര്യമായി അഹ്മദിയ്യത്തിൽ ഉള്ള വ്യക്തിയാണെന്ന് ധരിച്ചുപോകും. മറ്റു അഹ്മദികൾക്കും പാഠം ഉൾക്കൊള്ളാൻ പറ്റുന്ന പലതും അദ്ദേഹത്തിൽ ഉണ്ടായിരുന്നു. റഷ്യയിൽ അഹ്മദിയ്യത്തിന്റെ വ്യാപനത്തിനായി എപ്പോഴും അദ്ദേഹത്തിന് പ്രത്യേക ആവേശം ഉണ്ടായിരുന്നു. റഷ്യയിൽ തബ്ലീഗ് പ്രവർത്തനം വ്യാപിപ്പിക്കുവാനും വേഗത കൂട്ടുവാനും നാലാം ഖിലാഫത്ത് കാലത്തും അഞ്ചാം ഖിലാഫത്ത് കാലത്തും ഖലീഫമാരുടെ മുമ്പാകെ തന്റെ പദ്ധതികൾ സമർപ്പിക്കാറുണ്ടായിരുന്നു. കാലത്തിന്റെ ഖലീഫമാർ അദ്ദേഹത്തിന്റെ അഭിപ്രായത്തോട് യോജിക്കുന്നില്ലെങ്കിൽ മറ്റൊരു രീതിയിൽ ഈ പദ്ധതി നടപ്പിൽ വരുത്താൻ പറഞ്ഞാൽ ഒരിക്കലും ഒരു വിധത്തിലുമുള്ള പ്രയാസമോ അഭിപ്രായമോ അതുസംബന്ധമായി പറയാറില്ല. കാലത്തിന്റെ ഖലീഫ ഏതെങ്കിലും കാര്യത്തെക്കുറിച്ച് വ്യക്തമായ നിർദേശം നൽകിക്കഴിഞ്ഞാൽ അതിനെക്കുറിച്ച് അഭിപ്രായം പറയുന്നതും മറ്റുരീതിയിൽ പരാമർശം നടത്തുന്നതും അപമര്യാദയും പാപവുമായി ഞാൻ കരുതുന്നു. ഏതെങ്കിലും കാര്യത്തെക്കുറിച്ച് കാലത്തിന്റെ ഖലീഫ നിർദ്ദേശം പുറപ്പെടുവിച്ചിട്ടുണ്ടെങ്കിൽ അതിനെക്കുറിച്ച് പൂർണ്ണ മൗനം പാലിച്ചിരുന്നു. അദ്ദേഹത്തിന്റെ ഈ പ്രവർത്തി ഖിലാഫത്തിന്റെ സ്ഥാന മഹത്വം ഉൾക്കൊണ്ടുകൊണ്ടായിരുന്നു. ഈ മാതൃക പഴയകാല അഹ്മദികൾക്കും നവ അഹ്മദികൾക്കും തികച്ചും അനുകരണീയവുമാണ്.

റഷ്യക്കാരനായ ഒരു മുഖ്ലിസ് അഹ്മദി ഔറാ ശരീഫ് സാഹിബ് റാവീൽ സാഹിബിന്റെ മരണത്തിൽ അനുശോചനം രേഖപ്പെടുത്തിക്കൊണ്ട് പറയുന്നു: "വളരെ ഉന്നത ചിന്തകളുടെ ഉടമസ്ഥനായിരുന്ന റവീൽ സാഹിബ് ക്രിയാത്മകമായ പല നല്ല പ്രവർത്തനങ്ങളും അദ്ദേഹം ചെയ്തിട്ടുണ്ട്. കഠിനാധ്വാനിയായിരുന്നു. തന്റെ മതനിർദേശങ്ങളനുസരിച്ച് കഠിനാധ്വാനം ചെയ്യുക എന്നത് തന്റെ വിശ്വാസമായി അദ്ദേഹം കരുതി. അതുകൊണ്ടാണ് അദ്ദേഹം ഇസ്ലാമിലെ പരിഷ്കൃത ജമാഅത്തായ അഹ്മദിയ്യാ ജമാഅത്തിനെ തിരഞ്ഞെടുത്തതും അതിൽ പ്രവേശിച്ചതും."

കാസിക്സ്ഥാനിലെ നമ്മുടെ മുഅല്ലിം റൂഫാത്തൂക്ക സാഹിബ് അനുശോചന സന്ദേശത്തിൽ എഴുതുന്നു: റഷ്യൻ ഭാഷയിൽ റാവീൽ സാഹിബ് തർജമ ചെയ്ത പുസ്തകം മുഖേനയാണ് ആദ്യം അദ്ദേഹത്തെ പരിചയപ്പെടുന്നത്. റാവീൽ സാഹിബ് വളരെ നല്ല ഒരു വ്യക്തിത്വമായിരുന്നു. ഓപ്പറേഷനു ശേഷം എനിക്ക് ജീവിതം തിരിച്ചുകിട്ടുകയാണെങ്കിൽ എന്റെ ജീവിതം വഖ്ഫ് ചെയ്യും എന്ന് അദ്ദേഹം പറഞ്ഞതായി കേട്ടു. മുഖ്ലിസും വാക്ക് പാലിക്കുന്ന വ്യക്തിയുമായിരുന്നു. ഒരിക്കൽ എം.ടി.എ ടീമിനോടൊപ്പം ലണ്ടനിൽ പോകുകയായിരുന്നു. ഹുസൂറിനോട് എനിക്ക് വേണ്ടി ദുആ ചെയ്യാൻ പറയണമെന്ന് ഞാൻ പറഞ്ഞിരുന്നു. അവിടെ എത്തി ഞാൻ ഹുസൂറിനോട് പറഞ്ഞിട്ടുണ്ടെന്ന് പറഞ്ഞ് അവിടെ നിന്ന് എനിക്ക് കത്തയക്കുകയുണ്ടായി. മധ്യേഷ്യയിൽ അഹ്മദിയ്യത്തിന്റെ സന്ദേശം എങ്ങനെ പെട്ടെന്ന് എത്തിക്കാൻ കഴിയും എന്നതാണ് എപ്പോഴും ചർച്ച ചെയ്യാറുള്ളത്. അഹ്മദിയ്യത്തിന്റെ സന്ദേശം തന്റെ സമൂഹത്തിലും റഷ്യൻ ഭാഷ സംസാരിക്കുകയും അറിയുകയും ചെയ്യുന്നവരിലും വേഗത്തിൽ എത്തിക്കാനുള്ള വികാരം അദ്ദേഹത്തിൽ എത്രമാത്രം ഉണ്ടെന്ന് ഇദ്ദേഹത്തിന്റെ പുസ്തകം വായിക്കുമ്പോൾ നമുക്ക് മനസ്സിലാകുന്നതാണ്. ഹുസൂറിന്റെ ഖുത്വുബ തർജമ ചെയ്ത് റാവിൽ സാഹിബ് എം.ടി.എ യിൽ അത് വായിക്കുമ്പോൾ വളരെ വേദനയോടും ഭംഗിയായും അത് നിർവ്വഹിച്ചിരുന്നു. ഖലീഫയുടെ വാക്കുകൾ ഗൗരവത്തോടുകൂടി ജനങ്ങൾക്ക് എത്തുന്നതിനു വേണ്ടിയാണ് അദ്ദേഹം ഇത് ചെയ്തത്.

റുസ്തം ഇമാദ് അലി സാഹിബ് സദർ ജമാഅത്ത് മോസ്ക്കോ അനുശോചന സന്ദേശത്തിൽ എഴുതുന്നു. റവീൽ സാഹിബ് പണ്ഢിതനായിരുന്നു. നാനാതരം അറിവുകളും അല്ലാഹു അദ്ദേഹത്തിന് നൽകിയിരുന്നു. അതുമുഖേന ജനങ്ങൾക്ക് വിശാലമനസ്ക്കതയോടുകൂടി ഫലം എത്തിക്കുകയുണ്ടായി.

വഖ്ഫ് ചെയ്തിരുന്നു. ഇതു കൂടാതെ അദ്ദേഹത്തിന്റെ വ്യക്തിത്വഗുണമായ വിനയം മനുഷ്യത്വത്തോടുള്ള സ്നേഹം, കാരുണ്യം, വാത്സല്യം, ആത്മാർഥത, വിട്ടുവീഴ്ച, അല്ലാഹുവിനോട് തന്റെ ആവശ്യങ്ങൾ ചോദിക്കൽ, മറ്റുള്ളവരെ സഹായിക്കാനായി എപ്പോഴും തയ്യാറായിരിക്കൽ, തന്റെ കഴിവുകളിൽ മറ്റുള്ളവരെയും ഉൾപ്പെടുത്തുക എന്നിവയെല്ലാം ഉൾപ്പെടുന്നു.

നമ്മുടെ മുബല്ലിഗ് ബിശാറത്ത് സാഹിബ് എഴുതന്നു, താങ്കളുടെ ഖുത്വുബ ആദ്യമായി റഷ്യൻ ഭാഷയിൽ തുടങ്ങിയ ആ നിമിഷം ഞാൻ ഓർക്കുന്നു. രണ്ട് വർഷം മുമ്പാണ് ഇവിടെ നിന്ന് സംപ്രേഷണം ചെയ്യാൻ തുടങ്ങിയത്. അപ്പോൾ എന്റെ കൂടെ ഒരു അഹ്മദിയ്യാ സുഹൃത്ത് തപ്ത്തോടോഫ് സാഹിബും ഖുത്വുബ കാണുന്നുണ്ടായിരുന്നു. ഖുത്വുബ തീർന്നപ്പോൾ എല്ലാവരുടെയും കണ്ണുകൾ സന്തോഷം കൊണ്ട് ഈറനണിഞ്ഞിരുന്നു. എല്ലാവരും പരസ്പരം ആലിംഗനം ചെയ്തു. ആശംസകൾ നേർന്നു. ഈ ഖുത്വുബ റാവീൽ സാഹിബിന്റെ ശബ്ദത്തിലാണ് റിക്കാർഡ് ചെയ്തിരുന്നത്. അദ്ദേഹത്തിന്റെ ശബ്ദത്തിൽ ഖുത്വുബയുടെ ഒരു ശൃംഖല തന്നെ തുടങ്ങി. അല്ലാഹുവിന്റെ അനുഗ്രഹത്താൽ ഈ രീതിയിൽ ഖലീഫയുടെ ശബ്ദം റഷ്യൻ ഭാഷ അറിയുന്ന സഹോദരീ സഹോദരന്മാർക്ക് ആദ്യമായി എത്തിക്കുവാനുള്ള സൗഭാഗ്യം അദ്ദേഹത്തിനാണ് ലഭിച്ചത്. അദ്ദേഹത്തിന് ഖലീഫയുടെ സഹായഹസ്തമായിത്തീരാനുള്ള സൗഭാഗ്യം ലഭിച്ചു. പിന്നീടാണ് വന്നതെങ്കിലും ഖിലാഫത്തിന്റെ ബർക്കത്ത്കൊണ്ട് ഖിലാഫത്തിന്റെ തണലിൽ നമ്മേക്കാളും മുൻകടക്കുകയുണ്ടായി. അല്ലാഹു അദ്ദേഹത്തോട് സ്നേഹവാത്സല്യത്തോടെ പെരുമാറട്ടെ. അല്ലാഹുതആല അദ്ദേഹത്തെപ്പോലെയുള്ള എത്രയോ സുൽത്താനെ നസീറുകളെ നൽകുമാറാകട്ടെ. ജുമുആ നമസ്ക്കാരത്തിന് ശേഷം إِنْ شَاءَ اللّٰهُ അദ്ദേഹത്തിന്റെ ജനാസ ഹാളിർ നമസ്ക്കരിക്കുന്നതാണ്. ജനാസ പുറത്ത് വരുന്നതാണ്. ഞാൻ പുറത്ത് പോയി നമസ്ക്കരിക്കും. നിങ്ങൾ ഇവിടെത്തന്നെ നമസ്ക്കാരത്തിനായി സഫ്ഫ് ശരിയാക്കുക.

രണ്ട്മൂന്ന് ഗാഇബ് ജനാസയും ഉണ്ട്. മുഹമ്മദ് ശഫീഅ് സാഹിബിന്റെ മകൻ സാഹിബ്സാദാ ദാവൂദ് അഹ്മദ് സാഹിബിന്റെതാണ്. സറായെനൂറാൻ എന്ന സ്ഥല നിവാസിയാണ്. ഇദ്ദേഹത്തിന്റെ ഉമ്മാമ്മയുടെ കുടുംബവും ഉപ്പാപ്പയുടെ കുടുംബവും ചെന്നെത്തു ന്നത് സാഹിബ സാദാ അബ്ദുൽ ലത്തീഫ് സാഹിബ് ശഹീദിലാണ്. സാഹിബ് സാദാ ദാവൂദ് അഹ്മദ് സാഹിബിനെ 23 ജനുവരി പകൽ 9.45 ന് നൂറാനിൽ വെച്ച് ശഹീദാക്കുകയാണുണ്ടായത്. إِنَّا لِلّٰهِ وَإِنَّا إِلَيْهِ رَاجِعُوْنَ

ശഹീദിന്റെ മാതാവ് അമത്തുസ്സലാം സാഹിബ് അബ്ദുസ്സലാം സാഹിബിന്റെ മകളായിരുന്നു. ഇദ്ദേഹം അബ്ദുൽ ലത്തീഫ് ശഹീദിന്റെ മകനാണ്. ഇതേപോലെ ദാവൂദ് അഹ്മദ് സാഹിബിന്റെ ഉപ്പയുടെ ഉപ്പ സാഹിബ് സാദാ അബ്ദുൽ ഹഖ് സാഹിബ് ഹദ്റത്ത് സാഹിബ് സാദാ അബ്ദുൽ ലത്തീഫ് സാഹിബിന്റെ സഹോദരി പുത്രനായിരുന്നു. ഇവർ പിന്നീട് ലാഹോരി ജമാഅത്തിൽ ചേർന്നു. ശഹീദായ സാഹിബ് സാദാ ദാവൂദ് അഹ്മദ് സാഹിബിന്റെ കുടുംബം സാഹിബ് സാദാ അബ്ദുൽ ലത്തീഫ് സാഹിബിന്റെ ശഹാദത്തിനുശേഷം അഫ്ഗാനിസ്ഥാനിൽ നിന്നും താമസം മാറി സറായെ നൂറാനിൽ താമസം തുടങ്ങി. 1955 ലാണ് ഇദ്ദേഹം ജനിച്ചത്. ഞാൻ പറഞ്ഞതുപോലെ ജനുവരി 23 ന് ശഹീദാക്കപ്പെട്ടു. രാവിലെ 9.45 ന് ഏതോ കാര്യത്തിനായി വീട്ടിൽ നിന്നും പുറത്തിറങ്ങി. സറായെ നൂറാനിൽ അജ്ഞാതരായ രണ്ടുപേർ മോട്ടോർ സൈക്കിളിൽ വന്നു. ഫയറിംങ് ചെയ്ത് കടന്നുകളഞ്ഞു. ഇദ്ദേഹത്തിന്റെ ശഹാദത്തിന് മുമ്പ് 2012 ജനുവരി 17 ന് ചൊവ്വാഴ്ച സറായെ നൂറാനിൽ ഖത്തമുന്നുബുവ്വത്തിന്റെ ആളുകൾ വലിയ ഒരു സമ്മേളനം നടത്തിയിരുന്നു. ജമാഅത്തിന്നെതിരിൽ വല്ലാതെ അസഭ്യം പുലമ്പിയിരുന്നു. ശ്രോതാക്കളെ ഇളക്കിവിട്ടിരുന്നു. ഈ ശഹാദത്ത് അതിന്റെ പരിണിതഫലമായിട്ടാണ് കരുതുന്നത്. ഇദ്ദേഹത്തിന്റെ ഉപ്പാപ്പയുടെ കുടുംബം ലാഹോരിപാർട്ടിയിൽ ചേർന്നിരുന്നു. ഇദ്ദേഹം 8 വർഷം മുമ്പ് ബൈഅത്ത് ചെയ്തു. തന്റെ വീട്ടിലെ ഏക അഹ്മദി ആയിരുന്നു. വീട്ടിലെ മറ്റുള്ളവർ ലാഹോരി പാർട്ടി അംഗങ്ങളാണ്. പരേതൻ നല്ലവനും തഹജ്ജുദ് നമസ്ക്കരിക്കുന്ന ആളും സകാത്ത്, ചന്ദ എന്നിവയിൽ കൃത്യതയുള്ള ആളും സൽസ്വഭാവിയും സത്പ്രകൃതക്കാരനുമായിരുന്നു. ജമാഅത്തിനോടുള്ള സഹകരണം, പണമിടപാട്, സ്വഭാവം എന്നിവയെല്ലാം വളരെ നല്ലതായിരുന്നു. ആരോടും ശത്രുത ഉണ്ടായിരുന്നില്ല. ഇദ്ദേഹത്തിന് ഹൃദയാഘാതം ഉണ്ടായിരുന്നു. ബൈപ്പാസ് ഓപ്പറേഷൻ ചെയ്തു. അതിനുശേഷം നോമ്പെല്ലാം കൃത്യമായി എടുത്തിരുന്നു. തന്റെ ജോലിയിൽ നിന്നും റിട്ടേർമെന്റ് വാങ്ങി. അദ്ദേഹത്തിന്റെ സുഹൃത്തുക്കൾ പറഞ്ഞു: "നിങ്ങൾക്ക് പെൻഷൻ ലഭിക്കുന്നതാണ്. പെൻഷനുവേണ്ടി അപേക്ഷിച്ചാലും." അദ്ദേഹം പറഞ്ഞു: "ജോലി കാലത്ത് എന്നോട് പല വീഴ്ചകളും പറ്റിയിരിക്കും. അതുകൊണ്ട് ആ വിഴ്ചകൾക്കും പോരായ്മകൾക്കും പകരം ഈ പെൻഷൻ ഗവൺമെന്റിന് നൽകാൻ ആഗ്രഹിക്കുന്നു. ഗവൺമെന്റിനോട് എനിക്ക് ഒരു ബാധ്യതയും ഇല്ലാതായിത്തീരട്ടെ."

റിട്ടേർമെന്റിന് ശേഷം തന്റെ സ്ഥലം നോക്കി നടത്തിയിരുന്നു. സറായെ നൂറാനിലെ മാർക്കറ്റിലുള്ള കട വാടകക്ക് കൊടുത്ത് അതിൽ നിന്നുള്ള വരുമാനത്തിലാണ് ജീവിതം കഴിഞ്ഞിരുന്നത്. ഇദ്ദേഹത്തിന് ഭാര്യയും രണ്ട് സഹോദരന്മാരും മക്കൾ ഇല്ല.

പാക്കിസ്ഥാനിൽ അഹ്മദികളെ ഇടക്കിടക്ക് ശഹീദാക്കുന്നുണ്ട്. എന്നാൽ ഈ ശഹാദത്തുകൾ നമ്മുടെ ആത്മവീര്യം തകർക്കുന്നതാണോ? അല്ല. ലാഹോറിൽ നടന്ന 85 ശഹാദത്തിന് ശേഷം ജമാഅത്തിന്റെ ആത്മവീര്യം കുറയും എന്ന് ചിലർ ധരിച്ചിട്ടുണ്ടാകും. ഞങ്ങളുടെ ആത്മ ധൈര്യം മുമ്പത്തേക്കാൾ വർദ്ധിച്ചു എന്ന് പറഞ്ഞുകൊണ്ട് പുരുഷന്മാരുടെയും സ്ത്രീകളുടേയും കത്തുകൾ എനിക്ക് വരുന്നുണ്ട്. ഞങ്ങൾ ഖുർബാനി നൽകുന്നവരിൽ ഉൾപ്പെടാനായി ദുആ ചെയ്താലും എന്നവർ എഴുതുന്നു.

ഇത് വെറും വാക്കുകൾ മാത്രമല്ല. അതിന്റെ പ്രത്യക്ഷ പ്രകടനം നമുക്ക് കാണാവുന്നതാണ്. ലയ്യയിൽ ഒരു സ്ത്രീയുടെ ശഹാദത്തിനെക്കുറിച്ച് പറഞ്ഞ് ഞാൻ ജനാസ നമസ്ക്കരിച്ചിരുന്നു. ജനങ്ങൾ മിഷ്യൻ ഹൗസിനെ ആക്രമിച്ചു. ജമാഅത്തിലുള്ളവർ മുന്നോട്ട് വന്നപ്പോൾ പുരുഷന്മാരോടൊപ്പം സ്ത്രീകളും ഉണ്ടായിരുന്നു. പിഞ്ചുകുട്ടികളുള്ള ഒരു യുവതിയായിരുന്നു അവർ. ശത്രുക്കൾ അക്രമിച്ച് അവരെ ശഹീദാക്കുകയുണ്ടായി. ഒരുവിധ ഭയവും ഉണ്ടായിരുന്നില്ല. ശത്രുക്കളെ സധൈര്യം നേരിട്ട് ഈ സ്ത്രീയും ശഹാദത്ത് വരിക്കുകയാണുണ്ടായത്. ഖുർബാനി സമർപ്പിക്കുന്നതിൽ നിന്നും ഒരിക്കലും ഭയക്കാത്ത അഹ്മദീ സ്ത്രീ പുരുഷൻമാരും കുട്ടികളുമാണിവർ. ഇന്ന് ശഹീദായ ദാവൂദ് സാഹിബിന്റെ ശഹാദത്തും അല്ലാഹു സ്വീകരിക്കുമാറാകട്ടെ. ഇദ്ദേഹത്തിന്റെ നന്മകൾ സ്വീകരിച്ചുകൊണ്ട് അല്ലാഹു ഇദ്ദേഹത്തിന് ജമാഅത്തിൽ ബൈഅത്ത് ചെയ്യാനുള്ള തൗഫീഖ് നൽകി. അതിനുശേഷം ശഹാദത്ത് വരിക്കാനുള്ള തൗഫീഖും ലഭിച്ചു.

അഹ്മദിയ്യാ ജമാഅത്ത് 100 വർഷമായി സമർപ്പിക്കുന്ന വിശ്വാസത്തിന്റെ ദൃഢതയുടെയും സ്ഥൈര്യത്തിന്റെയും ഫലമായാണ് ഇത്. ഈ ത്യാഗത്തിന് തുടക്കം കുറിച്ചത് ആദ്യകാലത്ത് ഇദ്ദേഹത്തിന്റെ മുതുമുത്തച്ഛൻ ഹ:സാഹിബ് സാദാ അബ്ദുൽ ലത്തീഫ് (റ) ആണ്.

ഹദ്റത്ത് സാഹിബ് സാദാ അബ്ദുൽ ലത്തീഫ് സാഹിബിന്റെ ആത്മാവ് നൂറ് വർഷത്തിന് ശേഷവും തന്റെ രക്തം ഈ മാർഗ്ഗത്തിലൂടെ തന്റെ കടമ നിറവേറ്റിയത് കണ്ട് തീർച്ചയായും സന്തോഷിക്കുന്നുണ്ടാകും. പാക്കിസ്ഥാനിൽ അഹ്മദികളുടെ അവസ്ഥ വളരെ മോശമായിക്കൊണ്ടിരിക്കുകയാണ്. വളരെയധികം വഷളാക്കാനാണ് ശ്രമം നടത്തിക്കൊണ്ടിരിക്കുന്നത്. അത്കൊണ്ട് പാക്കിസ്ഥാനി അഹ്മദികൾക്കായി പ്രത്യേകം ദുആ ചെയ്യുക. അല്ലാഹു അവരെ സുരക്ഷിതരാക്കി വെക്കട്ടെ. എല്ലാ ശർറിൽ നിന്നും രക്ഷിക്കട്ടെ. ശത്രുക്കളെ വേഗം പിടികൂടട്ടെ.

മറ്റൊരു ജനാസ നമ്മുടെ ആത്മാർഥ സുഹൃത്ത് മിർസാ നസീർ അഹ്മദ് സാഹിബ് അഡ്വക്കറ്റ് ലാഹോറിന്റെതാണ്. 25 ഡിസംബറിൽ അദ്ദേഹം വഫാത്തായി. اِنَّالِلّٰہِ وَ اِنَّآ اِلَیۡہِ رٰجِعُوۡنَ

1945 ൽ ബൈഅത്ത് ചെയ്തു. ഫുർഖാൻ ബട്ടാനിയനിൽ ചേർന്നു. 1974 ൽ ഖലീഫത്തുൽ മസീഹ് മൂന്നാമൻ വക്കീൽമാരുടെ ഒരു ടീം ഉണ്ടാക്കിയിരുന്നു. അതിലെ ഒരു മെമ്പറായിരുന്നു ഇദ്ദേഹം. സുപ്രീം കോർട്ടിൽ വക്കീലായിക്കൊണ്ട് ജമാഅത്തിനെ സേവിക്കാൻ അവസരം ലഭിച്ചു. ഹഫ്ത്ത് റോസ ലാഹോറിൽ ലേഖനം എഴുതിയിരുന്നു. അങ്ങനെയും ജമാഅത്തിനെ സഹായിച്ചിട്ടുണ്ട്. വിവിധ ജമാഅത്തീ കേസ്സുകൾ നടത്തിയിരുന്നു. 1984 ലെ കിരാത നിയമത്തിനെതിരിൽ ജമാഅത്തിന്റെ ഭാഗത്തുനിന്ന് ശരീഅത്ത് കോടതിയിൽ പോകുന്ന പാനലിൽ ഇദ്ദേഹവും ഉൾപ്പെട്ടിരുന്നു. ലാഹോറിൽ വിവിധ ജമാഅത്തിന്റെ സേവനങ്ങൾ ചെയ്യാൻ സാധിച്ചു. സെക്രട്ടറി രിശ്ത്ത നാത്ത, മെമ്പർ മജ്ലിസ് ഇഫ്ത്താഹ്, ഖാസി ജമാഅത്ത് ലാഹോർ തുടങ്ങിയ സേവനങ്ങൾ വഹിച്ചിരുന്നു. ഹ്യൂമൻ റൈറ്റ്സ് വകുപ്പിലും സേവനം ചെയ്യാൻ സാധിച്ചു. 2010 മെയ് 28 ന് ലാഹോറിൽ നടന്ന കൂട്ട വെടിവെപ്പിന്റെ സന്ദർഭത്തിൽ ഇദ്ദേഹവും ദാറുദ്ദിക്റിൽ ഉണ്ടായിരുന്നു. ഇദ്ദേഹത്തിന്റെ മകനും കൂടെ ഉണ്ടായിരുന്നു. മകന്ന് വെടിയേറ്റ് പരിക്കുപറ്റിയിരുന്നു. വളരെ ധൈര്യത്തോടെ അവരുടെ കൂടെ ഇരിക്കുകയും മകന് ധൈര്യം പകർന്നുകൊടുക്കുകയും ചെയ്തു. ദുആ ചെയ്യുന്ന ആളും ഉള്ളതുകൊണ്ട് തൃപ്തിപ്പെടുന്ന സ്വഭാവമുള്ള വ്യക്തിയുമായിരുന്നു. ക്ഷമയുള്ള, കൃതജ്ഞതയുള്ള ആളായിരുന്നു. ജനസമ്പർക്ക പ്രിയനും മുഖ്ലിസുമായിരുന്നു. ഖിലാഫത്തെ അഹ്മദിയ്യാക്ക് വേണ്ടി എല്ലാതരം ത്യാഗത്തിനും തയ്യാറായിരുന്നു. മൂസിയായിരുന്നു. അല്ലാഹു ഇദ്ദേഹത്തിന്റെ പദവി ഉയർത്തുമാറാകട്ടെ. മഗ്ഫിറത്ത് നൽകുമാറാകട്ടെ.

മറ്റൊരു ജനാസ കൂടിയുണ്ട്. മാസ്റ്റർ മശ്രിഖ് അലി സാഹിബ്ന്റെ ഭാര്യ റാബിയ ബീഗം സാഹിബയുടേതാണ്. 2012 ജനുവരിക്ക് കൽക്കത്തയിലാണ് മരിച്ചത്. اِنَّالِلّٰہِ وَ اِنَّآ اِلَیۡہِ رٰجِعُوۡنَ

ബംഗാൾ, ആസാം സംസ്ഥാനത്തിന്റെ സദ്ർ ലജ്നയായി ഒരു ദീർഘകാലം പ്രവർത്തിച്ചിട്ടുണ്ട്. തന്റെ ഭർത്താവിന്റെ കൂടെ എല്ലാ നിലക്കും സഹകരിച്ചിട്ടുണ്ട്. മശ്രിക് അലി സാഹിബ് ബംഗാൾ ആസാം എന്നീ സംസ്ഥാനങ്ങളുടെ സുബാഇ അമീറാണ്. രോഗിയായിരിക്കെത്തന്നെ ദീർഘയാത്രയിൽ കൂടെ പോകുമായിരുന്നു. മുഖ്ലിസും, സാത്വികയും കൂറുള്ളവരുമായിരുന്നു. 3 പെൺകുട്ടികളും 2 ആൺകുട്ടികളുമാണുള്ളത്. ഒരു മകൻ ഇസ്മത്തുല്ലാഹ് സാഹിബാണ്. ജൽസയിൽ പദ്യം ചൊല്ലാറുണ്ട്. എം.ടി.എ യിൽ ഇദ്ദേഹത്തിന്റെ പല പദ്യങ്ങളും കേൾക്കാവുന്നതാണ്. ഇപ്പോൾ ജപ്പാനിലാണ് ഉള്ളത്. അല്ലാഹു ഇവർക്കും മഗ്ഫിറത്ത് നൽകുമാറാകട്ടെ. ഇരുടെ എല്ലാവരുടെയും ജനാസ നമസ്ക്കരിക്കുന്നതാണ്. ഞാൻ പറഞ്ഞതുപോലെ ജുമുആക്ക് ശേഷം ഇവരുടെ എല്ലാം ജനാസ നമസ്ക്കരിക്കുന്നതാണ്.

KHUTBA: HADRAT MIRZA MASROOR AHMED (atba)
on 2012 January 27 at : Baitul Futuh London
Translation: M. Nasir Ahmed Kodiyathur 09497343704

Typing: Rahmath Calicut.
Printed at: Digital Image Calicut.
Published by: **Majlis Khuddamul Ahmadiyya, North Kerala**